## പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2014-2016)

## ഇരുപത്തി ഒൻപതാമത് റിപ്പോർട്ട്

(2015 ഡിസംബർ മാസം 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (1996-98) സംസ്ഥാനത്തെ ഐ. എച്ച്. ഡി. പി. കോളനികളുടെ പ്രവർത്തനം സംബന്ധിച്ച് നടത്തിയ പഠനത്തിന്റെ ഭാഗമായി മലബാർ മേഖലയിലെ ആറ് ജില്ലകളിലെ പ്രസ്തുത കോളനികളെ സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ]**

കേരള നിയമസഭാ സെക്രട്ടറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2014-2016)

## ഇരുപത്തി ഒൻപതാമത് റിപ്പോർട്ട്

(2015 ഡിസംബർ മാസം 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (1996-98) സംസ്ഥാനത്തെ ഐ. എച്ച്. ഡി. പി. കോളനികളുടെ പ്രവർത്തനം സംബന്ധിച്ച് നടത്തിയ പഠനത്തിന്റെ ഭാഗമായി മലബാർ മേഖലയിലെ ആറ് ജില്ലകളിലെ പ്രസ്തുത കോളനികളെ സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ]**

1/2016.

## ഉള്ളടക്കം


| | | | | പേജ് |
|---|---|---|---|---|
| സമിതിയുടെ ഘടന | | | .. | v |
| ആമുഖം | | | .. | vii |
| അദ്ധ്യായം | I | : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം | II | : ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 1 |
| അദ്ധ്യായം | III | : ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചിട്ടില്ലാത്തവയും അനന്തര നടപടികൾ ആവശ്യമുള്ളവയും | .. | 58 |

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി

# (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വി. പി. സജീന്ദ്രൻ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

,, കെ. അജിത്

,, ഐ. സി. ബാലകൃഷ്ണൻ

,, കോവൂർ കുഞ്ഞുമോൻ

,, പുരുഷൻ കടലുണ്ടി

,, സി. കെ. സദാശിവൻ

,, എൻ. ഷംസുദ്ദീൻ

,, വി. ശശി

,, വി. എം. ഉമ്മർ മാസ്റ്റർ

,, കെ. വി. വിജയദാസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സി. അജിത്, അണ്ടർ സെക്രട്ടറി.

# ആമുഖം

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഇരുപത്തി ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 ഡിസംബർ മാസം 14-ാം തീയതി ചേർന്ന സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. പി. സജീന്ദ്രൻ,

*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 16.

# റിപ്പോർട്ട്

## അദ്ധ്യായം I

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (1996-1998) കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലെ വളരെ പിന്നോക്കാവസ്ഥയിലുള്ള ഏതാനും ഐ.എച്ച്.ഡി.പി. കോളനികൾ സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അഞ്ചാമത് റിപ്പോർട്ട് 1997 ഏപ്രിൽ മാസം 3-ാം തീയതി സഭയിൽ സമർപ്പിച്ചു.

2. മലബാർ മേഖലയിലെ ഐ.എച്ച്.ഡി.പി. കോളനികളിൽ വിവിധ പദ്ധതികളിലായി നടത്തിയ വികസന പ്രവർത്തനങ്ങളുടെ പുരോഗതി നേരിട്ട് മനസ്സിലാക്കുന്നതിനും അവലോകനം നടത്തുന്നതിനും വേണ്ടി സമിതി നടത്തിയ സന്ദർശനങ്ങളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രസ്തുത റിപ്പോർട്ടിൽ 61 നിർദ്ദേശങ്ങളും ശിപാർശകളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

3. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അനന്തര നടപടി സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ പകർപ്പുകൾ സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് അയച്ചുകൊടുത്ത് നടപടികളുടെ സ്റ്റേറ്റ്മെന്റുകൾ ആവശ്യപ്പെടുകയുണ്ടായി. ആയതിൻപ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വികസനം, ഊർജ്ജം, ജലവിഭവം, വ്യവസായം, തദ്ദേശസ്വയംഭരണം, സാമൂഹ്യനീതി, പൊതുവിദ്യാഭ്യാസം, വനം-വന്യജീവി, കൃഷി, റവന്യൂ എന്നീ വകുപ്പുകൾ ലഭ്യമാക്കിയ മറുപടികൾ സമിതിയുടെ 22-7-2003, 20-10-2004, 8-12-2004, 3-9-2005, 23-6-2010, 5-12-2012, 12-8-2015, 15-9-2015, 7-10-2015 എന്നീ തീയതികളിൽ ചേർന്ന സമിതിയോഗങ്ങൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

4. സമിതി (1996-1998)-യുടെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകൾ, അവയ്ക്ക് ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിന്റെ അദ്ധ്യായം II-ലും ഇനിയും മറുപടി ലഭ്യമാക്കാനുള്ള ശിപാർശ, അതിന്മേലുള്ള സമിതി തീരുമാനം എന്നിവ അദ്ധ്യായം III-ലും ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## സമിതി (1996-1998) യുടെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

### ശിപാർശ നമ്പർ 1

വൈദ്യുതി കണക്ഷൻ നൽകുന്നതിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് മുൻഗണന ഉണ്ടെങ്കിലും ധാരാളം കോളനികൾ ഇനിയും വൈദ്യുതീകരിക്കാനുണ്ടെന്ന് സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ബാക്ക്ലോഗ് ധാരാളം ഉണ്ടെന്നും മെറ്റീരിയൽസിന്റെ

അഭാവമാണ് ഇതിന് കാരണമെന്ന് വൈദ്യുതി ബോർഡധികൃതർ വിശദീകരിച്ചു. കോളനിയിലെ വികസന പ്രവർത്തനങ്ങൾ നടക്കണമെങ്കിൽ വൈദ്യുതി കൂടിയേ തീരൂ. ആയതിനാൽ ഐ.എച്ച്.ഡി.പി. കോളനികളെല്ലാംതന്നെ വൈദ്യുതീകരിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഊർജ്ജ വകുപ്പിന്റെ മറുപടി

കാസർഗോഡ് ജില്ലയിൽ 1998-99 സാമ്പത്തിക വർഷത്തിൽ പണി പൂർത്തിയാക്കേണ്ട കോളനി വൈദ്യുതീകരണ ജോലികളുടെ ഇപ്പോഴത്തെ നില ചുവടെ ചേർക്കുന്നു:

**എസ്. സി. പി. സ്പിൽ ഓവർ ജോലികൾ:**

| നമ്പർ | കോളനി | ഇപ്പോഴത്തെ നില |
|---|---|---|
| 1 | വായിക്കാനം | ജോലി പൂർത്തിയായി |
| 2 | മൂലപ്പാറ | കേസുമൂലം പണി നിർത്തിവച്ചിരിക്കുന്നു |
| 3 | ആലടുക്കം-കാരുച്ചകോൽ | ,, |
| 4 | ആലിന്ന താഴെ | ജോലി പൂർത്തിയായി |
| 5 | ഒർള | പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി പണി തുടർന്നു വരുന്നു |
| 6 | കോട്ടക്കുന്ന് ബാക്കി ജോലികൾ | ജോലി പൂർത്തിയായി |

**ടി. എസ്. പി. സ്പിൽ ഓവർ** :

| | | |
|---|---|---|
| 1 | കോഴിമുള്ള വഴിനാട്ടക്കൽ | കേസുമൂലം പണി നിർത്തിവച്ചിരിക്കുകയാണ് |
| 2 | ഗാഡിക്കൽ | ജോലി നടന്നുവരുന്നു |

| | | |
|---|---|---|
| 3 | മൈലാടി | ജോലി നടന്നുവരുന്നു |
| 4 | വെള്ളക്കല്ല് | ജോലി പൂർത്തിയായി |

**എസ്. സി. പി. പുതിയ ജോലികൾ:**

| | | |
|---|---|---|
| 1 | ചിളുരുപാദ (ബാക്കി ജോലികൾ) | ജില്ലാ കളക്ടറുടെ അംഗീകാരം കിട്ടിയിട്ടുണ്ട് |
| 2 | വെള്ളാല | ,, |
| 3 | ബേപ്പ്-പൂവാള | ,, |
| 4 | നെല്ലിക്കാമല | ,, |
| 5 | കല്ലിയോട് | ,, |
| 6 | കുളിപ്പാറ | ,, |
| 7 | ആവുള്ളക്കോട് | എസ്റ്റിമേറ്റ് തയ്യാറാക്കി |
| 8 | പ്രിയദർശിനി | ജില്ലാ പട്ടികജാതി-പട്ടികവർഗ്ഗ വികസന സമിതിയുടെ നിർദ്ദേശ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു |
| 9 | മുടക്കംകൊല്ലി | ,, |
| 10 | കൊമംഗള | ,, |
| 11 | കിഴക്കേക്കര-വടക്കേക്കര | ,, |
| 12 | പുലിക്കോട് | ,, |
| 13 | കട്ടുംബൂർ | ,, |
| 14 | മായിലംകോട്ട | ,, |

| | | |
|---|---|---|
| 15 | ചെറുപനത്തടി | ജില്ലാ പട്ടികജാതി-പട്ടികവർഗ്ഗ വികസന സമിതിയുടെ നിർദ്ദേശ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു |
| 16 | മൂലക്കണ്ടം | ,, |
| 17 | കാളിയാനം | ,, |
| 18 | വടക്കേപ്പുറം | കോളനിയിലുള്ള കുടുംബങ്ങളുടെ പേരുവിവരങ്ങളടങ്ങിയ പട്ടിക ഇതുവരെ ലഭിച്ചിട്ടില്ല. ലഭിച്ചാലുടൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്. |
| 19 | ഓലക്കര | ,, |
| 20 | സർക്കാരി | ,, |
| 21 | ലാലൂർ | ,, |

**ടി. എസ്.പി. പുതിയ ജോലികൾ :**

| | | |
|---|---|---|
| 1 | ബർത്തക്കല്ല് (ഐ.എച്ച്.ഡി.പി.) | ജില്ലാതല പട്ടികജാതി പട്ടികവർഗ്ഗ വികസന സമിതിയുടെ നിർദ്ദേശപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. |
| 2 | പട്ടാജെ ,, | ,, |
| 3 | മല്ലംപാറ ,, | ,, |
| 4 | നരിയൻപുന്ന ,, | ,, |
| 5 | കുറിഞ്ഞികാപ്പിത്തോട്ടം ,, | ,, |
| 6 | മുഗളത്തിമൂല ,, | കോളനിയിലുള്ള കുടുംബങ്ങളുടെ പേരുവിവരങ്ങളടങ്ങിയ പട്ടിക ഇതുവരെ ബന്ധപ്പെട്ട ഓഫീസിൽ നിന്നും ലഭിച്ചിട്ടില്ല. ലഭിച്ചാലുടൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്. |

| | | |
|---|---|---|
| 7 | പുട്ടണമൂല | കോളനിയിലുള്ള കുടുംബങ്ങളുടെ പേരുവിവരങ്ങളടങ്ങിയ പട്ടിക ഇതുവരെ ബന്ധപ്പെട്ട ഓഫീസിൽ നിന്നും ലഭിച്ചിട്ടില്ല. ലഭിച്ചാലുടൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്. |
| 8 | ബാലനടുക്ക | ,, |

സാധനസാമഗ്രികളുടെ ലഭ്യതയ്ക്ക് വിധേയമായും, ബോർഡിൽ നിലവിലുള്ള നിയമവ്യവസ്ഥ പാലിച്ചും, മേല്പറഞ്ഞ കോളനികളുടെ വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

(22-7-2003-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

കാസർഗോഡ് ജില്ലയിൽ 1998-99 സാമ്പത്തിക വർഷത്തിൽ പണി പൂർത്തിയാക്കേണ്ട കോളനി വൈദ്യുതീകരണ ജോലികളിൽ എസ്.സി.പി.യിൽപ്പെട്ട മൂലപ്പാറ കോളനിയിലെയും ടി.എസ്.പി.യിൽപ്പെട്ട കോഴിമുള്ള വഴിനാട്ടക്കൽ കോളനിയിലെയും പണികൾ കേസുമൂലം നിർത്തിവച്ചിരിക്കുകയാണെന്നും മറ്റ് കോളനികളിലെ വൈദ്യുതീകരണ ജോലികൾ പൂർത്തീകരിച്ചുവരികയാണെന്നും സർക്കാർ അറിയിച്ചിരുന്നു. പ്രസ്തുത, കോളനികളിൽ വൈദ്യുതീകരണം പൂർത്തിയായോ എന്ന വിവരം ആരായാൻ സമിതി നിർദ്ദേശിച്ചു.

<u>ഊർജ്ജ വകുപ്പിന്റെ മറുപടി</u>

(28-9-2004-ലെ 10397/സി1/03/ഊ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

കാസർഗോഡ് ജില്ലയിലെ ഐ.എച്ച്.ഡി.പി. വിഭാഗത്തിലുള്ള 23 എസ്.സി. കോളനികളും ഒരു എസ്.ടി. കോളനിയും ഉണ്ട്. ഇവയെല്ലാം തന്നെ വൈദ്യുതീകരിക്കു വാനുള്ളവയാണ്. ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകളുടെ ഫണ്ടിന്റെ അഭാവംമൂലമാണ് വൈദ്യുതീകരണ നടപടികൾ തുടങ്ങാത്തത്. എസ്.ടി. കോളനികളുടെ ഏകദേശം 13 കിലോമീറ്റർ അകലെയാണ് ഇപ്പോൾ എൽ.ടി.ലൈൻ വന്നു നിൽക്കുന്നത്.

മേൽപ്പറഞ്ഞ കോളനികൾ വൈദ്യുതീകരിക്കുന്നതിനായി കെ.എസ്.ഇ.ബി. ഓഫീസുകളിൽ പണം ഇതുവരെയും ഡെപ്പോസിറ്റ് ചെയ്തിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇതുവരെയായി പണം ഡെപ്പോസിറ്റ് ചെയ്തിട്ടില്ല.

(8-12-2004-ലെ സമിതിയോഗം അംഗീകരിച്ചു.)

## ശിപാർശ നമ്പർ 2

ആദിവാസി കോളനികളിൽ ശുദ്ധജല ദൗർലഭ്യംമൂലം സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കാറുണ്ട്. ഇത്തരം രോഗങ്ങൾ പലരുടേയും ജീവൻ അപഹരിച്ചിട്ടുണ്ട്. ആയതിനാൽ എല്ലാ കോളനികളിലും ശുദ്ധജലവിതരണ സമ്പ്രദായം ഏർപ്പെടുത്താൻ വേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ജലവിഭവ വകുപ്പിന്റെ മറുപടി

കാസർഗോഡ് ജില്ലയിൽ 13 പട്ടികജാതി കോളനികളിൽ പൈപ്പ്ലൈൻ വഴിയും 327 പട്ടികജാതി കോളനികളിൽ കുഴൽക്കിണർ വഴിയും ശുദ്ധജലവിതരണം നടപ്പിലാക്കിയിട്ടുണ്ട്. 4 പട്ടികവർഗ്ഗ കോളനികളിൽ പൈപ്പ്ലൈൻ വഴിയും 155 പട്ടികവർഗ്ഗ കോളനികളിൽ കുഴൽക്കിണർ വഴിയും ശുദ്ധജലവിതരണം നടത്തുന്നുണ്ട്.

ജില്ലയിലെ 4 പട്ടികജാതി കോളനികളിലും 2 പട്ടികവർഗ്ഗ കോളനികളിലും ശുദ്ധജലമെത്തിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

രാജീവ് ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ മിഷന്റെ ഘടകമായി പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുവേണ്ടിയുള്ള പദ്ധതിപ്രകാരം ജില്ലാ കളക്ടർ മുഖേന ജില്ലയിലെ വിവിധ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ 71 കിണറുകളും 75 കുഴൽക്കിണറുകളും കുഴിച്ച് ശുദ്ധജലവിതരണം നടത്തിവരുന്നു.

(22-7-2003-ലെ സമിതിയോഗം അംഗീകരിച്ചു.)

## ശിപാർശ നമ്പർ 3

ജില്ലയിലെ പത്ത് ശതമാനം കോളനികൾക്ക് മാത്രമാണ് മിതമായ ഗതാഗത സൗകര്യങ്ങളെങ്കിലും ഉള്ളത് എന്ന വസ്തുത അത്യന്തം ഖേദകരമാണ്. കോളനികളുടെ വികസനത്തിൽ മുഖ്യമായ ഒരു സ്ഥാനമാണ് റോഡുകൾക്കുള്ളത്. പല ആദിവാസി കോളനികളും റോഡുകളുടെ അഭാവംമൂലം ബാഹ്യലോകവുമായി ഒറ്റപ്പെട്ട് കഴിയേണ്ട അവസ്ഥയിലാണ്. ആയതിനാൽ ഐ.എച്ച്.ഡി.പി. കോളനികളിലേക്കുള്ള റോഡ് സൗകര്യം മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ അടിയന്തരമായി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(1) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ മറുപടി</u>

(21-7-2015-ലെ 3465/ബി2/2008/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ജില്ലയിലെ എല്ലാ ഐ.എച്ച്.ഡി.പി. കോളനികളിലേക്കും നിലവിൽ റോഡ് സൗകര്യമുണ്ട്.

ജില്ലയിലെ 540 പട്ടികജാതി കോളനികളിൽ 300 എണ്ണത്തിൽ സഞ്ചാരയോഗ്യമായ റോഡുകളും 135 കോളനികളിൽ നടപ്പാത സൗകര്യവുമുണ്ട്.

(2) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ മറുപടി</u>

(11-8-2015-ലെ 18675/ഇ 1/2015/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ത്രിതല പഞ്ചായത്തുകളുടെ ട്രൈബൽ സബ് പ്ലാൻ ഫണ്ട്, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ്സ് ഫണ്ട് എന്നിവയിൽ നിന്നും തുക ചെലവഴിച്ച് കാസർഗോഡ് ജില്ലയിൽ ഐ.എച്ച്.ഡി.പി. കോളനികളായി തെരഞ്ഞെടുക്കപ്പെട്ടിരുന്ന 15 കോളനികളിലേക്കും സഞ്ചാരയോഗ്യമായ റോഡുകൾ നിർമ്മിച്ചിട്ടുണ്ട്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 4</u>

കോളനികളിൽ ഭവന നിർമ്മാണത്തിനായി അനുവദിച്ച തുക വകമാറി ചെവഴിച്ചിട്ടില്ലെന്നും മറ്റ് ഫണ്ടുകൾ ടി ആവശ്യത്തിന് ചെലവഴിച്ചിട്ടുണ്ടെന്നും 1995-96-ൽ ഏറ്റെടുത്ത വീടുകൾ നടപ്പുവർഷം തന്നെ പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് കരുതുന്നതെന്നും പ്ലാനിംഗ് ഓഫീസർ വ്യക്തമാക്കി. പണം കൈപ്പറ്റുന്ന ഗുണഭോക്താക്കൾ തന്നെയാണ് വീട് പണിയുന്നതെന്നും പണിയുടെ പുരോഗതി വി.ഇ.ഒ.മാർ/ബി.ഡി.ഒ.മാർ പരിശോധിക്കാറുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

മേൽപ്പറഞ്ഞ രീതിയിൽ ജില്ലയിലെ ബ്ലോക്കുകളിൽ വീടുപണി പൂർത്തിയാക്കിയ കോളനികളുടെ പൂർണ്ണവിവരങ്ങൾ ബി.ഡി.ഒ.മാർ മുഖേന സമിതിക്ക് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി</u>

കാസർഗോഡ് ജില്ലയിലെ കോളനികളിൽ ഭവന നിർമ്മാണത്തിനായി അനുവദിച്ച തുക വകമാറി ചെലവഴിച്ചിട്ടില്ല. 1995-96-ൽ ഏറ്റെടുത്ത മുഴുവൻ വീടുകളും നടപ്പുവർഷംതന്നെ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. പണം കൈപ്പറ്റുന്ന ഗുണഭോക്താക്കൾ തന്നെയാണ് വീട് പണിയുന്നത്. ബി.ഡി.ഒ.മാരും വി.ഇ.ഒ.മാരും പണിയുടെ പുരോഗതി പരിശോധിക്കാറുണ്ട്.

| കെ.എച്ച്.ഡി.പി. കോളനികളുടെ പേര് | അനുവദിച്ച വീടുകൾ | 31-3-1997-നകം പൂർത്തിയാക്കിയവ | 31-3-1997-ന ശേഷം നാളിതുവരെ പൂർത്തിയാക്കിയ വീടുകൾ | മൊത്തം പൂർത്തിയാക്കിയ വീടുകൾ | പൂർത്തീകരിക്കാത്ത വീടുകളുടെ ഇപ്പോഴത്തെ ഘട്ടം |
|---|---|---|---|---|---|
| **മഞ്ചേശ്വരം ബ്ലോക്ക്** | | | | | |
| മറുതമൂല കോളനി | 14 | 11 | 3 | 14 | .. |
| പെൽതജേ കോളനി | 16 | 7 | 5 | 12 | പണി പുരോഗതിയിൽ |
| പെത്തഗേ കോളനി | 19 | .. | 13 | 13 | ,, |
| ബർത്തക്കല്ല് കോളനി | 17 | .. | 13 | 13 | ,, |
| കട്ടൂർ-പ്രിയദർശിനി | 4 | .. | 3 | 3 | ,, |
| മുക്കണ്ടംകൊല്ലി ബേലൂർ | 16 | .. | 6 | 6 | ,, |
| കൊമ്മങ്കാല | 2 | | | | ഉത്തരപ്പൊക്കം |
| **കാസർഗോഡ് ജില്ല** | | | | | |
| ജയപുരം | 17 | 17 | .. | 17 | ഉത്തരപ്പൊക്കം |
| മാബ്ര | 13 | 11 | .. | 11 | |
| **കാഞ്ഞങ്ങാട് ബ്ലോക്ക്** | | | | | |
| ആയിപ്ര-കളിയടുക്കം | 17 | 9 | .. | 9 | പണി പുരോഗമിക്കുന്നു |
| പണയർകുന്ന് | 23 | 23 | .. | 21 | പണി പൂർത്തിയായി |

| | | | | | |
|---|---|---|---|---|---|
| കോടക്കുന്ന് | 21 | 21 | .. | 21 | പണി പൂർത്തിയായി |
| കരിയോട്ടുമ്മൽ | 17 | 17 | .. | 17 | ,, |
| **നീലേശ്വരം ബ്ലോക്ക്** | | | | | |
| വൈക്കാനം | 26 | 26 | .. | 26 | പണി പൂർത്തിയായി |
| മയല്വവള്ളിതോട്ടി കോളനി | 19 | 19 | .. | 19 | ,, |
| കരിപ്പാട് കോളനി | 18 | .. | 16 | 16 | 2 എണ്ണം പണി തീരാറായി |
| ആയിരക്കോട് കോളനി | 39 | .. | 31 | 31 | 8 എണ്ണം പണി തീരാറായി |
| നെല്ലിക്കാമല കോളനി | 8 | .. | 6 | 6 | 2 എണ്ണം പണി തീരാറായി |
| കാരകുളം കോളനി | 29 | 29 | .. | 29 | .. |

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

<u>ബി.ഡി.ഒ.മാർ മുഖേന ലഭിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു</u> :

| നമ്പർ | ബ്ലോക്ക് | കോളനിയുടെ പേര് | അനുവദിച്ചത് | പൂർത്തിയാക്കിയത് |
|---|---|---|---|---|
| 1 | നീലേശ്വരം | 1. മൈക്കാനം | 26 | 25 |
| | | 2. മയില്വവള്ളിത്തൊട്ടി എളേരിത്തട്ട് | 19 | 19 |

| | | | | |
|---|---|---|---|---|
| 2 | കാഞ്ഞങ്ങാട് | 1. പനയാർക്കുന്ന്<br>2. ആയംപാറ-കാലിയടുക്കം<br>3. കോട്ടക്കുന്ന് | 23<br>17<br>18 | 23<br>17<br>18 |
| 3 | കാസർഗോഡ് | 1. ജയപുരം<br>2. മഞ്ഞംപാറ, സി.എ.നഗർ<br>3. കജംപാടി | 17<br>13<br>7 | 17<br>11<br>5 |
| 4 | മഞ്ചേശ്വരം | കജംപാടി | 7 | 5 |

(22-7-2003-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 5</u>

ജില്ലയിലെ പ്രധാനപ്പെട്ട വ്യവസായം രാസപദാർത്ഥങ്ങളുമായി ബന്ധപ്പെട്ടവയാണ് ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ താൽപ്പര്യമുള്ളവർക്ക് വേണ്ട സഹായം നൽകുന്നുണ്ടെന്നും കഴിഞ്ഞ 3 വർഷങ്ങളിലായി 23,44,000 രൂപ വ്യവസായം തുടങ്ങുന്നതിനായി ധനസഹായം നൽകിയിട്ടുണ്ടെന്നും ഇതിൻപ്രകാരം 461 അപേക്ഷകർക്ക് ടി സഹായം ലഭ്യമാക്കിയിട്ടുണ്ടെന്നും പ്ലാനിംഗ് ഓഫീസർ സമിതിയെ അറിയിച്ചു. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എത്ര വ്യവസായ യൂണിറ്റുകൾക്കു ധനസഹായം നൽകിയെന്നും അവയിൽ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ടെന്നും എത്രയെണ്ണം യഥാർത്ഥത്തിൽ എസ്.സി./എസ്.ടി. വിഭാഗക്കാരുടെ കൈവശമുണ്ടെന്നും എത്രയെണ്ണം ബിനാമികളുടെ കൈവശമാണെന്നുമുള്ളതിന്റെ പൂർണ്ണ വിവരങ്ങൾ ഒരു മാസത്തിനകം സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. എസ്.സി. എസ്.ടി.കാർക്കുള്ള ഫണ്ട് ഉപയോഗിച്ച് തുടങ്ങുന്ന വ്യവസായ സംരംഭങ്ങളിൽ അവർക്ക് തന്നെ മുൻഗണന നൽകാൻ ശ്രദ്ധിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഇത്തരം വ്യവസായങ്ങൾ ആരംഭിക്കാൻ എടുത്തിട്ടുള്ള വായ്പ ഫലപ്രദമായാണോ വിനിയോഗിച്ചിരിക്കുന്നത് എന്നത് സംബന്ധിച്ച റിപ്പോർട്ടും സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>വ്യവസായ വകുപ്പിന്റെ മറുപടി</u>

വ്യവസായ വകുപ്പിൽ നിന്നും കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 1992-93 മുതൽ 1996-97 വരെ കാസർഗോഡ് ജില്ലയിൽ 282 വ്യവസായ യൂണിറ്റുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ പട്ടികജാതിയിൽപ്പെട്ടവർക്ക് 199-ഉം പട്ടികവിഭാഗത്തിൽപ്പെട്ടവർക്ക് 83-ഉം വ്യവസായ യൂണിറ്റുകളുണ്ട്.

പട്ടികജാതിയിൽപ്പെട്ടവർക്ക് അനുവദിച്ച 199 വ്യവസായ യൂണിറ്റുകളിൽ 106 എണ്ണം പ്രവർത്തിക്കുന്നതും 24 എണ്ണം ഭാഗികമായി പ്രവർത്തിക്കുന്നതും 38 എണ്ണം പ്രവർത്തനരഹിതവും 31 എണ്ണം പ്രവർത്തനം തുടങ്ങിയിട്ടില്ലാത്തതുമാകുന്നു.

പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് അനുവദിച്ച 83 വ്യവസായ യൂണിറ്റുകളിൽ 63 എണ്ണം പ്രവർത്തിക്കുന്നതും 1 എണ്ണം ഭാഗികമായി പ്രവർത്തിക്കുന്നതും 1 എണ്ണം പ്രവർത്തന രഹിതവും 18 എണ്ണം പ്രവർത്തനം തുടങ്ങാത്തതുമാകുന്നു.

ബിനാമികളുടെ കൈവശം വ്യവസായ യൂണിറ്റുകളൊന്നുംതന്നെ ഇല്ലാത്തതുമാകുന്നു.

കാസർഗോഡ് ജില്ലയിൽ 1992-93 മുതൽ 1996-97 വരെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വ്യവസായങ്ങൾ ആരംഭിക്കാൻ നൽകിയിട്ടുള്ള വായ്പകൾ ഫലപ്രദമായി തന്നെയാണ് വിനിയോഗിച്ചിരിക്കുന്നത്.

(22-7-2003-ലെ സമിതിയോഗം പരിഗണിച്ചു.)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

കാസർഗോഡ് ജില്ലയിൽ വ്യവസായ വകുപ്പിൽ നിന്നും 1992-93 മുതൽ 1996-97 കാലയളവിൽ പട്ടികജാതിയിൽപ്പെട്ടവർക്ക് 199-ഉം പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് 83-ഉം വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ ധനസഹായം അനുവദിച്ചിരുന്നു. അതിൽ പട്ടികജാതിയിൽപ്പെട്ടവർക്ക് 31 യൂണിറ്റും പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കുള്ള 18 യൂണിറ്റും പ്രവർത്തനം തുടങ്ങിയിട്ടില്ലായെന്ന് അറിയിച്ചിരുന്നു.

പ്രസ്തുത യൂണിറ്റുകളുടെ പ്രവർത്തനം തുടങ്ങിയോ, അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്നിവ സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുക.

<u>വ്യവസായ വകുപ്പിന്റെ മറുപടി</u>

(7-5-2004-ലെ 35290/ബി1/03/വ്യവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

കാസർഗോഡ് ജില്ലയിൽ 1992-93 മുതൽ 1996-97 വരെ പട്ടികജാതിക്കാർക്ക് നൽകിയിട്ടുള്ള 199 വ്യവസായ യൂണിറ്റിൽ 31 യൂണിറ്റും പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കുള്ള 83 യൂണിറ്റിൽ 18 യൂണിറ്റും ഇപ്പോൾ പ്രവർത്തനക്ഷമമല്ല. ടി യൂണിറ്റുകളുടെ നടത്തിപ്പുകാരുടെ താത്പര്യക്കുറവുമൂലമാണ് പ്രവർത്തനം പുനരാരംഭിക്കാൻ കഴിയാതെ വന്നിട്ടുള്ളത് എന്ന് വ്യവസായ ഡയറക്ടർ അറിയിക്കുന്നു.

(21-10-2004-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 6</u>

കൃഷി വകുപ്പിൽ നിന്നും കൃഷി പരിപോഷിപ്പിക്കുന്നതിനായുള്ള പദ്ധതിപ്രകാരം അഞ്ചുസെന്റ് ഭൂമിയുള്ളവർക്ക് തെങ്ങിൻതൈ നൽകുന്നുണ്ടെന്ന് സമിതിക്ക് അറിയാൻ

കഴിഞ്ഞു. ഈ പദ്ധതികൊണ്ട് പ്രതീക്ഷിക്കുന്ന പ്രയോജനം ലഭിക്കാനിടയില്ലെന്ന് സമിതിക്ക് അഭിപ്രായമുണ്ട്. ആയതിനാൽ ഇതിനായി നീക്കിവച്ചിട്ടുള്ള ഫണ്ട് മറ്റേതെങ്കിലും ആവശ്യത്തിന് ഫലപ്രദമായി വിനിയോഗിക്കാൻ സംവിധാനം ഉണ്ടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>കൃഷി വകുപ്പിന്റെ മറുപടി</u>

(17-7-2009-ലെ 8952/എജി1/2008/കൃഷി നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ജനകീയ ആസൂത്രണ പദ്ധതി ആരംഭിച്ചതോടുകൂടി പട്ടികജാതി/പട്ടികവർഗ്ഗ വികസന പരിപാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് നടപ്പിലാക്കുന്നത്. പുതിയ പദ്ധതികൾ തയ്യാറാക്കുമ്പോൾ സമിതിയുടെ ശിപാർശകൂടി പരിഗണിക്കാൻ കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകുന്നതാണ്.

(23-6-2010-ലെ സമിതിയോഗം പരിഗണിച്ചു.)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

ജനകീയ ആസൂത്രണ പദ്ധതിയുടെ ഭാഗമായി പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനായി പുതിയ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുമ്പോൾ സമിതിയുടെ ശിപാർശ കൂടി പരിഗണിക്കണമെന്ന് കൃഷി ഓഫീസർമാർക്ക് നൽകിയിട്ടുള്ള നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ?

<u>കൃഷി വകുപ്പിന്റെ മറുപടി</u>

(19-6-2015-ലെ 35080/എജി 1/10/കൃഷി നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

1997 മുതൽ കൃഷി വകുപ്പ് മുഖേനയല്ല പട്ടികജാതി-പട്ടികവർഗ്ഗ കൃഷിക്കാർക്കുള്ള പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പ് മുഖേനയാണ് ഈ വിഭാഗക്കാർക്കുള്ള പദ്ധതികൾ പ്രത്യേകമായി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. കൃഷി വകുപ്പിന്റെ തനത് പദ്ധതികളിൽപ്പെടുത്തിയും ഈ വിഭാഗത്തിന് മുൻഗണന നൽകി പദ്ധതിയുടെ 10% തുക ചെലവഴിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ജനകീയാസൂത്രണ പദ്ധതികളുടെ നടത്തിപ്പിനായി തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന ലഭിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളുമനുസരിച്ച് പദ്ധതികൾ ഈ വിഭാഗക്കാർക്ക് നൽകുവാനുള്ള നിർദ്ദേശം കൃഷി ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്.

(15-9-2015-ലെ സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 7, 8, 9</u>

വിവിധ വകുപ്പ് തലവൻമാർ തമ്മിൽ ഏകോപിപ്പിച്ചുള്ള പ്രവർത്തനത്തിന്റെ അഭാവം പ്രകടമാണ് എന്ന് സമിതിക്കഭിപ്രായമുണ്ട്. ഇത് കുറ്റകരമായ അനാസ്ഥയാണ്. സമിതിക്ക് സത്യസന്ധമായ റിപ്പോർട്ട് നൽകുന്ന കാര്യത്തിൽപോലും ഉദ്യോഗസ്ഥർ വേണ്ടത്ര

ശുഷ്കാന്തി കാണിച്ചില്ല. സമിതി ഇതിനെ വളരെ ഗൗരവപൂർവ്വം വീക്ഷിക്കുന്നു. കൂടാതെ ഓരോ വകുപ്പിനും അനുവദിക്കുന്ന ഫണ്ട്, ചെലവഴിച്ച രീതി, ജനങ്ങൾക്ക് എത്രമാത്രം പ്രയോജനം ലഭിച്ചു എന്നിവ പരിശോധനാവിധേയമാക്കേണ്ടതാണെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ കർശനനടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ജില്ലാ കളക്ടർ വകുപ്പ് ഉദ്യോഗസ്ഥൻമാരുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികളുടെ പുരോഗതി അപ്പപ്പോൾ തന്നെ വിലയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

എം.എൽ.എ.മാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള റിവ്യൂ മീറ്റിംഗ് എല്ലാ മാസവും ചേരാനുള്ള സംവിധാനം ഉണ്ടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ മറുപടി

(21-7-2015-ലെ 3465/ബി2/2008/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

വിവിധ വകുപ്പുകളുടെ പ്ലാൻ ഫണ്ട് വിനിയോഗം അവലോകനം ചെയ്യുന്നതിനായി ജില്ലാ കളക്ടർ പ്ലാൻ റിവ്യൂ മീറ്റിംഗുകൾ വിളിച്ചു ചേർത്തു വരുന്നുണ്ട്. കൂടാതെ ഓരോ വകുപ്പിനനുവദിക്കുന്ന ഫണ്ട്, ചെലവഴിച്ച രീതി, ജനങ്ങൾക്ക് എത്രമാത്രം പ്രയോജനം ലഭിച്ചുവെന്നുള്ള കാര്യം പരിശോധിക്കുന്നതിനും ത്രിതല പഞ്ചായത്ത് ഉൾപ്പെടെ വിവിധ തലങ്ങളിൽ തുക വിനിയോഗം ഉറപ്പ് വരുത്തുന്നതിന് വകുപ്പ് തലവൻമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പിന്റെ മറുപടി

(11-8-2015-ലെ 15692/ഡി1/15/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലയിലെ ബഹു. എം.പി./എം.എൽ.എ. മാരുടെ സാന്നിദ്ധ്യത്തിൽ ഓരോ മാസവും കൂടുന്ന ജില്ലാ വികസന സമിതി യോഗത്തിൽ വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികളുടെ ഭൗതിക-സാമ്പത്തിക പുരോഗതി അവലോകനം ചെയ്യപ്പെടുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ഓരോ ജില്ലയ്ക്കും അനുവദിക്കുന്ന തുക ശരിയായ രീതിയിൽ വിനിയോഗിക്കുന്നുണ്ടോ എന്ന് ജില്ലാ ഓഫീസർമാരുടെ യോഗത്തിൽ അവലോകനം നടത്തുന്നുമുണ്ട്. പദ്ധതി നിർവ്വഹണത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികളും സ്വീകരിക്കാറുണ്ട്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 10

പുത്തൂർ ഐ.എച്ച്.ഡി.പി. കോളനിയിൽ 55 വീടുകൾ ഉള്ളതിൽ 31 എണ്ണം മാത്രമാണ് വൈദ്യുതീകരിച്ചിട്ടുള്ളതെന്ന് പുത്തൂർ ഗ്രാമപഞ്ചായത്ത് മെമ്പർ സമിതിയെ അറിയിച്ചു. താലൂക്ക് ഓഫീസർ സർവ്വേ നടത്തി തെരഞ്ഞെടുത്ത 35 വീടുകൾക്ക് മാത്രമാണ്

വൈദ്യുതി കണക്ഷൻ നൽകിയിട്ടുള്ളതെന്ന് ജില്ലാ പ്ലാനിംഗ് ഓഫീസർ വ്യക്തമാക്കി. ഒരു കോളനി തെരഞ്ഞെടുക്കുമ്പോൾ അതിലെ എല്ലാ വീടുകൾക്കും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തികൊടുക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ചില വീടുകളെ മാത്രം ഒഴിവാക്കുന്നത് ശരിയല്ല. ആയതിനാൽ ഈ കോളനിയിലെ ശേഷിക്കുന്ന വീടുകൾക്കുകൂടി വൈദ്യുതി കണക്ഷൻ നൽകാനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഊർജ്ജ വകുപ്പിന്റെ മറുപടി

പനത്തടി പഞ്ചായത്തിലുള്ള പുത്തുരടുക്കം എന്ന പട്ടികവർഗ്ഗ കോളനി 1995-96 സാമ്പത്തിക വർഷത്തിൽ വർക്കിംഗ് ഗ്രൂപ്പ് ഐ.എച്ച്.ഡി.പി. കോളനിയായി അംഗീകരിച്ചിരുന്നു. പട്ടികവർഗ്ഗ വികസന ഓഫീസർ നൽകിയ 31 കുടുംബങ്ങളുടെ പട്ടികയനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. വൈദ്യുതീകരണ ജോലികൾ പൂർത്തിയാക്കി 30-3-1998-ൽ പ്രവർത്തനക്ഷമമാക്കുകയും, അപേക്ഷിച്ച 29 കുടുംബങ്ങൾക്ക് കണക്ഷൻ നൽകുകയും ചെയ്തു. പുത്തുരടുക്കം കോളനിയിൽ നിന്നും ഏകദേശം 400 മീറ്റർ ദൂരത്തായി ഇതേ പഞ്ചായത്തിൽ ഗഡിക്കൽ പട്ടികവർഗ്ഗ കോളനിയിൽ 27 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഗഡിക്കൽ പട്ടികവർഗ്ഗ കോളനി വൈദ്യുതീകരണത്തിനുള്ള 20,60,300 രൂപയുടെ എസ്റ്റിമേറ്റ് 1997-98 സാമ്പത്തിക വർഷത്തിൽ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന ഓഫീസർ നൽകിയ 27 കുടുംബങ്ങളുടെ പട്ടികപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയും ജോലികൾ തുടങ്ങുകയും ചെയ്തു. ഈ കോളനി 1998-99 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറായി അംഗീകരിച്ചിട്ടുണ്ട്. വൈദ്യുതീകരണ ജോലികൾ നടന്നുവരുന്നു. ഈ സാമ്പത്തിക വർഷത്തിൽ തന്നെ ഗഡിക്കൽ കോളനിയുടെ വൈദ്യുതീകരണ ജോലി പൂർത്തീകരിക്കുന്നതാണ്.

ഐ.എച്ച്.ഡി.പി. കോളനികളിൽ തെരഞ്ഞെടുക്കപ്പെട്ട എല്ലാ വീടുകൾക്കും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വൈദ്യുതി ലഭിക്കാത്ത എല്ലാ വീടുകൾക്കും വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടി പടിപടിയായി സ്വീകരിച്ചു വരുന്നു. ഇപ്പോൾ പട്ടികജാതിക്കാരുടെ വീടുകൾ വയറിംഗ് നടത്തുന്നതിനുള്ള ഫണ്ട് ഇലക്ട്രിസിറ്റി വകുപ്പിന്റെ പ്രത്യേക ഘടക പദ്ധതിയുടെ 25% മാറ്റി വച്ചിട്ടുണ്ട്.

(22-7-2003-ലെ സമിതിയോഗം അംഗീകരിച്ചു.)

## സമിതി ആരാഞ്ഞ അധികവിവരം

കാസർഗോഡ് ജില്ലയിലെ ഗഡിക്കൽ പട്ടികവർഗ്ഗ കോളനിയിൽ വൈദ്യുതീകരണ ജോലികൾ പൂർത്തീകരിച്ചോ ഇല്ലെങ്കിൽ അതിനുള്ള കാരണം ഇപ്പോഴത്തെ സ്ഥിതി എന്നിവ സമിതിയെ അറിയിക്കുവാൻ ആവശ്യപ്പെട്ടു.

ഊർജ്ജ വകുപ്പിന്റെ മറുപടി

(28-9-2004-ലെ 10397/സി1/03/ഊ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

കാസർഗോഡ് ജില്ലയിലെ ഗഡിക്കൽ പട്ടികവർഗ്ഗ കോളനി 1998-99-ൽ വൈദ്യുതീകരിച്ചു.

(8-12-2004-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 11, 12

മുത്തിക്കയിലെ കോളനിയിൽ 1961-ൽ അലോട്ട് ചെയ്ത ഭൂമിയുടെ പട്ടയം നാളിതുവരെ നൽകിയിട്ടില്ലായെന്നും അതിന്മേൽ താമസംവിനാ നടപടി പൂർത്തിയാക്കണമെന്നും ഒരു ഹർജിക്കാരൻ സമിതിയോട് അപേക്ഷിച്ചു. ഓരോ കുടുംബത്തിനും 3 ഏക്കർ ഭൂമി വീതം നൽകിയിട്ടുണ്ടെന്നും ഒരു ഹെക്ടറിൽ കൂടുതൽ ഭൂമിക്ക് പട്ടയം നൽകാൻ തനിക്ക് അധികാരമില്ലെന്നും സർക്കാരിലേക്ക് അനുമതിക്ക് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ബന്ധപ്പെട്ട തഹസിൽദാർ വിശദീകരിച്ചു. 1961-ൽ ഭൂമി പതിച്ചുകൊടുത്ത ആളുകളുടെ വിവരം ശേഖരിച്ച് അവർക്ക് എത്രയും വേഗം പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ കൈവശഭൂമിക്ക് രേഖ കൊടുക്കാതിരിക്കുകയും അവർക്ക് അർഹതപ്പെട്ട ഭൂമി മറ്റുള്ളവർക്ക് പതിച്ചുനൽകുകയും ചെയ്യുന്ന രീതി ഈ ജില്ലയിൽ ഉണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇവരുടെ കൈവശഭൂമിക്ക് എത്രയും വേഗം രേഖ കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കണമെന്നും ഇവർക്ക് അർഹതപ്പെട്ട ഭൂമി മറ്റുള്ളവർക്ക് പതിച്ച് നൽകുന്നില്ലായെന്ന് ഉറപ്പുവരുത്തണമെന്നും ഇവർക്ക് അനുവദിച്ച ഭൂമിയിൽ കയ്യേറ്റം നടത്താനുള്ള ശ്രമം ശക്തമായി തടയണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

റവന്യൂ വകുപ്പിന്റെ മറുപടി

(30-5-2005-ലെ 18348/എൽ1/02/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

കേരള ഭൂമി പതിവുചട്ടങ്ങൾ പ്രകാരം പതിവ് ഭൂമി പ്ലെയിൻ ഏരിയയിൽ പ്പെട്ടതാണെങ്കിൽ ഒരേക്കർ ഭൂമി മാത്രമേ പതിച്ചു നൽകുവാൻ വ്യവസ്ഥയുള്ളൂ. ആയതിനാൽ കാസർഗോഡ് ജില്ലയിലെ പുത്തികെ കോളനിയിൽ 1961-ൽ അനുവദിച്ച ഭൂമിയിൽ ഒരേക്കർ ഭൂമിക്ക് മാത്രമേ കൈവശക്കാർക്ക് പട്ടയം നൽകിയിട്ടുള്ളൂ. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പതിച്ചു നൽകുവാനായി നീക്കിവെച്ചിട്ടുള്ള ഭൂമി മറ്റുള്ളവർക്ക് പതിച്ചു നൽകുന്നില്ല. എന്നാൽ പ്രസ്തുത ഭൂമി മറ്റുള്ളവർ കയ്യേറിയിട്ടുണ്ടെങ്കിൽ കയ്യേറ്റത്തിന്റെ

കാലപ്പഴക്കവും ഒഴിപ്പിക്കുവാനുള്ള പ്രായോഗിക ബുദ്ധിമുട്ടും കണക്കിലെടുത്ത് കയ്യേറിയ ഭൂമിക്ക് തുല്യമായ ഭൂമി പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് പതിച്ചു നൽകുവാനായി നീക്കിവെച്ചതിനുശേഷം മാത്രമേ കയ്യേറ്റക്കാർക്ക് ഭൂമി പതിച്ചു നൽകിയിട്ടുള്ളൂ. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് പതിച്ചു നൽകുവാനായി നീക്കിവെച്ചിട്ടുള്ള ഭൂമിയിൽ യാതൊരുവിധ കയ്യേറ്റവും ഉണ്ടാകാതിരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(3-9-2005-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 13

ജില്ലയിലെ പിന്നോക്കം നിൽക്കുന്ന കോടോംബേളൂർ പഞ്ചായത്തിലെ പനയാർക്കുന്ന് ഐ.എച്ച്.ഡി.പി. കോളനി സമിതി സന്ദർശിച്ചു. പ്രസ്തുത കോളനിയിലെ വീടില്ലാത്ത കുടുംബങ്ങൾക്ക് വീടും വൈദ്യുതി കണക്ഷൻ ലഭിക്കാത്തവർക്ക് വൈദ്യുതിയും ലഭ്യമാക്കാൻ വേണ്ട നടപടി താമസംവിനാ സ്വീകരിക്കണമെന്നും പുതുതായി പണി കഴിപ്പിച്ച കമ്മ്യൂണിറ്റി ഹാളിൽ ആവശ്യമായ ഫർണിച്ചറും ടി.വി.യും നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കോളനിയിലേക്ക് പോകുന്ന റോഡ് ഏതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി സഞ്ചാരയോഗ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(1) ഊർജ്ജ വകുപ്പിന്റെ മറുപടി

കോടോംബേളൂർ പഞ്ചായത്തിൽ പനയാർകുന്ന് ഐ.എച്ച്.ഡി.പി. കോളനിയിൽ വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷ നൽകിയ എല്ലാവർക്കും കണക്ഷൻ കൊടുത്തിട്ടുണ്ട്. ഒരാൾ വയറിംഗ് നടത്തി അപേക്ഷ നൽകാത്തതിനാൽ കണക്ഷൻ നൽകുവാൻ സാധിച്ചിട്ടില്ല.

(2) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

വീടില്ലാത്ത എല്ലാവർക്കും വീട് നൽകുന്ന സമ്പൂർണ്ണ ഭവന പദ്ധതി ഈ പഞ്ചായത്ത് 1999-2000 വർഷത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ സ്ഥലം കൈവശമുള്ള എല്ലാ പട്ടികവിഭാഗ ഭവനരഹിതർക്കും ഈ കോളനിയിൽ വീട് ലഭ്യമാക്കുന്നതാണ് എന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ടി കോളനിയിൽ പുതുതായി പണികഴിപ്പിച്ച കമ്മ്യൂണിറ്റി ഹാളിൽ ഇതിനകം ഫർണിച്ചറും ടി.വി.യും നൽകിയിട്ടുണ്ടെന്നും കമ്മ്യൂണിറ്റി ഹാൾ ഉദ്ഘാടനം ചെയ്തിട്ടുണ്ടെന്നും അറിയിക്കുന്നു. പനയാർകുന്ന് കോളനിയിലെ എല്ലാ വീടുകൾക്കും വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കോളനിയിലേക്ക് പോകുന്ന റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയുമായി ബന്ധപ്പെട്ട പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപടി സ്വീകരിക്കുന്നതാണ്.

(22-7-2003-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 14

ജില്ലയിലെ ആദിവാസി കോളനികളിൽ കുടിവെള്ളം എത്തിക്കാൻ ടോപ് പ്രയോറിറ്റി നൽകണമെന്നും ഒരു വർഷത്തെ പ്ലാൻ തയ്യാറാക്കിയാൽ ആ വർഷംതന്നെ അത് നടപ്പിലാക്കേണ്ടതാണെന്നും കൂടെക്കൂടെ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു. എല്ലാ കോളനികളിലും ശുദ്ധജലവിതരണ സമ്പ്രദായം ഏർപ്പെടുത്താൻ വേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ജലവിഭവ വകുപ്പിന്റെ മറുപടി

കണ്ണൂർ ജില്ലയിലെ 23 പട്ടികജാതി കോളനികളിൽ ശുദ്ധജല വിതരണ പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കിവരുന്നു. ഇതിൽ 8 പദ്ധതികൾ പൂർത്തീകരിക്കുകയും 8 പദ്ധതികളുടെ പണികൾ പൂർത്തീകരിച്ചുവരികയും ചെയ്യുന്നു. ബാക്കി 7 പദ്ധതികൾ ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ പറ്റുന്നവിധത്തിൽ പണികൾ പുരോഗമിച്ചുവരുന്നു.

(22-7-2003-ലെ സമിതിയോഗം പരിഗണിച്ചു.)

സമിതി ആരാഞ്ഞ അധികവിവരം

കണ്ണൂർ ജില്ലയിൽ 23 പട്ടികജാതി കോളനികളിൽ നടപ്പിലാക്കിക്കൊണ്ടിരുന്ന ശുദ്ധജലവിതരണ പദ്ധതികൾ എല്ലാം പൂർത്തീകരിച്ചോ എന്നും ഇല്ലെങ്കിൽ ഇപ്പോഴത്തെ സ്ഥിതിവിവരം എന്താണെന്നും ഗവൺമെന്റിനോടാരായാൻ സമിതി തീരുമാനിച്ചു.

ജലവിഭവ (ജലവിതരണ സി) വകുപ്പിന്റെ മറുപടി

(20-10-2010-ലെ 14134/സി2/07/ജ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

കണ്ണൂർ ജില്ലയിലെ 23 പട്ടികജാതി കോളനികളുടെയും ഇതിലുൾപ്പെട്ടിട്ടുള്ള നിലപ്പനക്കുന്ന് ശുദ്ധജലവിതരണ പദ്ധതിയുടേയും പണികൾ പൂർത്തീകരിച്ച് ശുദ്ധജല വിതരണം നടത്തിവരുന്നു.

(5-12-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 15

വർക്ക് ഏറ്റെടുത്ത ഐ.എച്ച്.ഡി.പി. കോളനികളിൽ വൈദ്യുതി എത്തിക്കാൻ വളരെയധികം കാലതാമസം വന്നിട്ടുണ്ട്. മെറ്റീരിയൽസിന്റെ അഭാവമാണ് ഇതിനുള്ള കാരണമെന്നും വൈദ്യുതിക്കുവേണ്ടി അനുവദിച്ച തുകയുടെ 40 ശതമാനം മാത്രമേ ഉപയോഗിക്കാൻ കഴിഞ്ഞിട്ടുള്ളു എന്നും സമിതിക്ക് ബോദ്ധ്യമായി. ജില്ലയിൽ വൈദ്യുതി വകുപ്പിന്റെ കൈവശമുള്ള മെറ്റീരിയൽസ് മുഴുവൻ എസ്.സി.പി., ടി.എസ്.പി. പദ്ധതികൾക്കു

വേണ്ടി നീക്കിവയ്ക്കണമെന്നും അനുവദിച്ച തുക മുഴുവൻ ഉപയോഗിക്കണം എന്നും സമിതി നിർദ്ദേശിക്കുന്നു. ജില്ലയിലെ ഐ.എച്ച്.ഡി.പി. കോളനികളെല്ലാംതന്നെ വൈദ്യുതീകരിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഊർജ്ജ വകുപ്പിന്റെ മറുപടി

കണ്ണൂർ ജില്ലയിലെ താഴെപ്പറയുന്ന ഐ.എച്ച്.ഡി.പി. കോളനികളിൽ ഇലക്ട്രിക്കൽ ലൈൻ വലിച്ചിട്ടുണ്ട് :

| | |
|---|---|
| കുറ്റൂർ | വളയംചാൽ |
| ചെറുപുഴ | കനിയൻപുഴ |
| ഭ്രതാൻ | കുഴിപ്പനങ്ങാട് |
| വെങ്കലൊടി | മുണ്ടാന്നൂർ |
| മങ്കേരവളപ്പ് | കരിംപാല |
| മുണ്ടാന്നൂർ | പുല്ലുവനം |
| വള്ളുവ | പുറവയൽ |
| കല്ലൂർപുലയ | കൊറയങ്ക |
| കണ്ടേരി | വെള്ളച്ചാൽ |
| കുപ്പോൾ മാടക്കാംപൊയിൽ | വലിയഅരീക്കാമല |
| കട്ടിമാക്കുൾ | പെരുന്താനം |
| നിലപ്പനക്കുന്ന് | വാണിയംപാറ |
| പയ്യങ്കാനം | കടമ്മനക്കണ്ടി |
| തോപ്പിലായി | കരിംപംകണ്ടി |

| | |
|---|---|
| വിളയാർങ്കോട് | മൂടിക്കാനം |
| ആര്യംകോട് | മഹാത്മ |
| പാലാംചിറ്റ | പുളിയിലംകുണ്ട് |
| നെല്ലിയോടി | മേലേമാന്നാൻചേരി |
| ചുണ്ടകുന്ന് | കരിക്കോട്ടക്കരി |
| രാഘവനഗർ | ആവേര |
| കുളാംപി | കാനായി വള്ളുവ |
| കാരോപരിക്കളം | പാടിയിൽ കയറ്റിയിൽ |
| | മങ്കര |

താഴെപ്പറയുന്ന കോളനികളിൽ വൈദ്യുതീകരണ ജോലികൾ നടന്നുവരുന്നു:

| | |
|---|---|
| പാലുകാച്ചി | മൈലംപ്പെട്ടി |
| പാത്തിമുണ്ട | കാനംവയൽ |
| കോഴിച്ചാൽ വെന്യു | വാടിപ്പുറംകൊറ്റി |
| | വാതിർമഠം |

താഴെപ്പറയുന്ന കോളനികൾക്ക് വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്:

| | |
|---|---|
| കക്കറ | കൊരംപൻകല്ല് |
| താറ്റിയാട് | പെരുവാട്ടം |
| തലത്തണ്ണി | മാവിലംപാറ |

താഴെപ്പറയുന്ന കോളനികൾക്ക് വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ചിട്ടില്ല:

| | |
|---|---|
| ഫർലേങ്കര | വള്ളിയാട് കംപ്ലായി |
| കാഞ്ഞിരക്കൊല്ലി | മാംപള്ളിക്കുന്ന് |
| വഞ്ചിയംകരിംപാല | പൂങ്കുണ്ട് |
| മുണ്ടകം | നരിക്കോട്ട്മല |

(22-7-2003-ലെ സമിതിയോഗം അംഗീകരിച്ചു.)

സമിതി ആരാഞ്ഞ അധികവിവരം

കണ്ണൂർ ജില്ലയിലെ വിവിധ ഐ.എച്ച്.ഡി.പി. കോളനികളിൽ വൈദ്യുതിലൈൻ വലിച്ചിട്ടുണ്ട്, ജോലികൾ നടന്നുവരുന്നു എന്നിങ്ങനെയാണ് അറിയിച്ചിരിക്കുന്നത്. പ്രസ്തുത കോളനികളിൽ ഇപ്പോൾ വൈദ്യുതി എത്തിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിച്ചു.

ഊർജ്ജ വകുപ്പിന്റെ മറുപടി

(28-9-2004-ലെ 10397/സി 1/03/ഊ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

കണ്ണൂർ ജില്ലയിൽ മെറ്റീരിയൽസിന്റെ അഭാവംമൂലം ഐ.എച്ച്.ഡി.പി. പദ്ധതികൾ ഒന്നുംതന്നെ ഇതുവരെ കാലതാമസം വന്നിട്ടില്ല. അടുത്തകാലത്ത് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ള വർക്കുകൾ ദ്രുതഗതിയിൽ നടന്നുവരുന്നുണ്ട്. ഏതാനും ആഴ്ചകൾക്കകം ഇവ പൂർത്തീകരിക്കുന്നതാണ്. വൈദ്യുതീകരണം പൂർത്തിയാക്കിയ കോളനികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| കോളനിയുടെ പേര് | വൈദ്യുതീകരിച്ച വർഷം |
|---|---|
| പോത്തുകണ്ട് | 2000-01 |
| പാലുകാച്ചി | 1998-99 |
| പാത്തിമുണ്ട | 1998-99 |

| | |
|---|---|
| കോഴിച്ചാൽ വെന്ന്യ | 1998-99 |
| മൈലാംപെട്ടി | 1999-2000 |
| കാനംവയൽ | 1999-2000 |
| വാരിപ്പറംകൊറ്റി | 1998-99 |
| വാതിൽമഠം | 1998-99 |

നിലപ്പനക്കുന്ന് കോളനിയിൽ വൈദ്യുതി കണക്ഷനുള്ള അപേക്ഷകളൊന്നും പരിഗണിക്കാത്തതായി നിലവിലില്ല.

(8-12-2004-ലെ സമിതി യോഗം അംഗീകരിച്ചു.)

## ശിപാർശ നമ്പർ 16

കൃഷി ആവശ്യത്തിനുവേണ്ട നടീൽ വസ്തുക്കളും രാസവളവും പണി ആയുധങ്ങളും കോളനി നിവാസികൾക്ക് നൽകുന്നുണ്ടെന്ന് അഗ്രികൾച്ചറൽ ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഐ.എച്ച്.ഡി.പി. കോളനികളുടെ പുരോഗതി ഒരു പരിധിവരെ കാർഷികപുരോഗതിയെ ആശ്രയിച്ചിരിക്കുന്നുവെന്നും ആയതിനാൽ കൃഷിക്കാരുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## കൃഷി വകുപ്പിന്റെ മറുപടി

ജനകീയ ആസൂത്രണ പദ്ധതി തുടങ്ങിയതിനുശേഷം പട്ടികജാതി/പട്ടികവർഗ്ഗ വികസന പദ്ധതികൾ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല. എന്നിരുന്നാലും കൃഷിക്കാരുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ കൃഷി വകുപ്പ് കൈക്കൊള്ളുന്നുണ്ട്.

(23-6-2010-ലെ സമിതിയോഗം പരിഗണിച്ചു.)

## സമിതി ആരാഞ്ഞ അധികവിവരം

ജനകീയ ആസൂത്രണ പദ്ധതിയുടെ ഭാഗമായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കൃഷിക്കാരുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്.

## കൃഷി വകുപ്പിന്റെ മറുപടി

(19-6-2015 ലെ 35080/എജി 1/10/കൃഷി നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കൃഷിക്കാർക്കുവേണ്ടി 2011-2014 കാലഘട്ടത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെ കുറിക്കുന്നു:

1. സമഗ്ര പുരയിട കൃഷി
2. തരിശുനിലകൃഷി
3. ജാതി കൃഷി
4. പൊക്കാളി നെൽകൃഷി
5. നടീൽ വസ്തുക്കളുടെ വിതരണം
6. വളം-കീടനാശിനി വിതരണം
7. യന്ത്രോപകരണങ്ങളുടെ വിതരണം
8. പച്ചക്കറി കൃഷി
9. വാഴ-തെങ്ങുകൃഷി
10. ഫലവർഗ്ഗതൈ വിതരണം
11. തെങ്ങുകയറ്റയന്ത്രം വിതരണം
12. മഴവെള്ള സംഭരണത്തിനുള്ള പദ്ധതി
13. കിഴങ്ങുവർഗ്ഗവിള കൃഷി
14. വെറ്റില കൃഷി
15. കിണർ നിർമ്മാണം
16. ടിഷ്യുകൾച്ചർ വാഴകൃഷി
17. സുഗന്ധവിള കൃഷി

പ്രസ്തുത പദ്ധതികൾക്കായി 154.86771 ലക്ഷം രൂപ ചെലവഴിക്കുകയും അതുവഴി 16434 കർഷകർക്ക് ആനുകൂല്യങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

(15-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 17, 18

1991-92 മുതൽ ആരംഭിച്ച ഐ.എച്ച്.ഡി.പി. കോളനികളിൽ അത്യാവശ്യ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടി വിവിധ ഡിപ്പാർട്ടുമെന്റുകൾക്ക് നീക്കിവച്ചിട്ടുള്ള തുക മുഴുവൻ ചെലവാക്കുകയോ, പണികൾ പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ലായെന്ന് തെളിവെടുപ്പിൽ നിന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. കണ്ണൂർ ജില്ലയിലെ ഐ.എച്ച്.ഡി.പി. കോളനികളുടെ പ്രവർത്തനം മറ്റ് ജില്ലകളെ അപേക്ഷിച്ച് വളരെ പിന്നിലാണെന്നും ആയതിനാൽ വർക്കിംഗ് ഗ്രൂപ്പ് യോഗം കൂടി പദ്ധതിയുടെ പുരോഗതി ഇടയ്ക്കിടെ വിലയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ജില്ലയിലെ ഐ.എച്ച്.ഡി.പി. കോളനികളുടെ സ്ഥിതി ദയനീയമാണെന്ന് സമിതിയ്ക്ക് മനസ്സിലാക്കാൻ സാധിച്ചു. ഈ അവസ്ഥ തുടരാൻ പാടില്ലെന്നും ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകൾക്ക് എന്ത് ചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(1) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ മറുപടി

(11-8-2015-ലെ 18675/ഇ 1/15/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

കണ്ണൂർ ജില്ലയിലെ 9 പട്ടികവർഗ്ഗ ഐ.എച്ച്.ഡി.പി. കോളനികളിലും നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന മുഴുവൻ പദ്ധതികളും സമയപരിധിക്കുള്ളിൽത്തന്നെ നടപ്പിലാക്കിയിട്ടുണ്ട്. ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് യോഗം ഈ വിഷയത്തിൽ അവലോകനം നടത്തുകവഴി മുഴുവൻ ഐ.എച്ച്.ഡി.പി. കോളനികളിലെയും ഗതാഗത സൗകര്യവും മറ്റ് ഭൗതിക സാഹചര്യങ്ങളും ജീവിതനിലവാരവും മെച്ചപ്പെട്ടിട്ടുണ്ട്.

(2) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ മറുപടി

(21-7-2015-ലെ 3465/ബി2/08/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ഭൂരിഭാഗം ഐ.എച്ച്.ഡി.പി. അംഗീകൃത കോളനികളിലും 51%നുമേൽ പട്ടികജാതിക്കാർ അധിവസിക്കുന്നതായി കാണുന്നില്ല. കോളനികളിൽ കുടിവെള്ളം, വൈദ്യുതീകരണം, റോഡ് തുടങ്ങിയ അത്യാവശ്യ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡി.പി.സി. വർക്കിംഗ് ഗ്രൂപ്പ് തുടങ്ങിയ സമിതികളിൽ പദ്ധതികളുടെ അവലോകനം നടന്നുവരുന്നുണ്ട്.

കോളനികളിൽ നടപ്പാക്കേണ്ട അത്യാവശ്യ സൗകര്യങ്ങൾ കണ്ടെത്തി പദ്ധതികൾ ആവിഷ്കരിച്ച് ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ഫലപ്രദമായി നടപ്പാക്കിവരുന്നു.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## ശിപാർശ നമ്പർ 19

ജില്ലയിലെ വളരെ പിന്നോക്കം നിൽക്കുന്ന നിലപ്പനക്കുന്ന് കോളനി സമിതി സന്ദർശിച്ചു. നിലപ്പനക്കുന്ന് പട്ടികജാതി കോളനിയിൽ 39 കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്നും ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടി വാട്ടർ അതോറിറ്റി 2 കൊല്ലംമുൻപ് പൈപ്പ് ഇട്ടുവെങ്കിലും ഇതുവരെയും വെള്ളം ലഭിച്ചിട്ടില്ലായെന്നും കോളനിയിലെ 3 വീടുകൾ തകർന്നുവെന്നും ഇരുപതോളം വീടുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലായെന്നും സമിതിക്ക് ബോദ്ധ്യമായി. വാട്ടർ അതോറിറ്റി പണികൾ വേഗം തീർത്ത് കോളനിയിൽ വെള്ളം എത്തിക്കണമെന്നും വീട് നഷ്ടപ്പെട്ടവർക്ക് പകരം വീട് നിർമ്മിച്ചുനൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## ജലവിഭവ വകുപ്പിന്റെ മറുപടി

നിലപ്പനക്കുന്ന് ശുദ്ധജലവിതരണ പദ്ധതിയുടെ ടാങ്കിന്റേയും പൈപ്പ് ലൈനിന്റേയും പണി പൂർത്തിയായി. കിണറിന്റെ പ്രവൃത്തി നടന്നുവരുന്നു. ടി പണി ഈ വർഷം സെപ്റ്റംബർ മാസം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(22-7-2003-ലെ സമിതിയോഗം പരിഗണിച്ചു.)

## സമിതി ആരാഞ്ഞ അധിക വിവരം

കണ്ണൂർ ജില്ലയിലെതന്നെയുള്ള നിലപ്പനക്കുന്ന് ശുദ്ധജലവിതരണ പണി പൂർത്തീകരിച്ചോയെന്നുള്ള വിവരം ഗവൺമെന്റിനോടാരായാൻ സമിതി തീരുമാനിച്ചു.

## ജലവിഭവ ജലവിതരണ (സി) വകുപ്പിന്റെ മറുപടി

(20-10-2010-ലെ 14134/സി2/07/ജ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

കണ്ണൂർ ജില്ലയിലെ 23 പട്ടികജാതി കോളനികളുടെയും ഇതിലുൾപ്പെട്ടിട്ടുള്ള നിലപ്പനക്കുന്ന് ശുദ്ധജലവിതരണ പദ്ധതിയുടെയും പണികൾ പൂർത്തീകരിച്ച് ശുദ്ധജല വിതരണം നടത്തിവരുന്നു.

(5-12-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

## ശിപാർശ നമ്പർ 20

സമിതി കേളകം പഞ്ചായത്തിലെ വളയഞ്ചാൽ കോളനി സന്ദർശിച്ചു. വളയഞ്ചാൽ കോളനിയിൽ വീട് പണിയുന്നതിനുവേണ്ടി വീട് ഒന്നിന് 9,500 രൂപവച്ച് 55,000 രൂപ കോൺട്രാക്ടർ കൈപ്പറ്റിയെങ്കിലും വീടിന്റെ അടിത്തറമാത്രം കെട്ടിയിട്ട് 5 വർഷം കഴിഞ്ഞുവെന്നും പണി പൂർത്തിയാകാതെ കോൺട്രാക്ടർ പണി ഉപേക്ഷിച്ചുപോകുകയാണ് ചെയ്തതെന്നും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.

വളയഞ്ചാൽ കോളനിയിലെ ജോലി ഏറ്റെടുത്ത് ചെയ്തത് ശിവൻ എന്ന് പേരുള്ള ഒരാളാണെന്നും നഷ്ടമായതുകൊണ്ട് അയാൾ പണി ഉപേക്ഷിച്ചിട്ട് പോയെന്ന് മനസ്സിലാക്കാൻ സാധിച്ചുവെന്നും ടിയാനിൽ നിന്നും പണം ഈടാക്കാൻ നോട്ടീസയച്ചിട്ടുണ്ടെന്നും ട്രൈബൽ വെൽഫെയർ ഓഫീസർ വ്യക്തമാക്കി.

ഓരോ സ്റ്റേജും പരിശോധിച്ചിട്ടാണ് പണം കൊടുത്തിരുന്നതെങ്കിൽ മുഴുവൻ തുകയും കൈപ്പറ്റി കോൺട്രാക്ടർ പണി ഉപേക്ഷിച്ചുപോകുമായിരുന്നില്ല എന്നും ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണിതെന്നും ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാർ സർവ്വീസിൽ ഉണ്ടെങ്കിൽ അവരുടെ പേരിൽ കർശനമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കോൺട്രാക്ടറിൽനിന്ന് പണം ഈടാക്കാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### (1) തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി

കണ്ണൂർ ജില്ലയിൽ പേരാവൂർ ബ്ലോക്കിൽപ്പെട്ട വളയഞ്ചാൽ കോളനിയിൽ 1992-93 വർഷം ഡബ്ല്യു.എസ്. പ്രകാരം അനുവദിയ്ക്കപ്പെട്ട 19 വീടുകളിൽ 8 എണ്ണത്തിന്റെ പണി പൂർത്തിയാക്കുകയും അവർക്ക് വീടൊന്നുക്ക് 11,200 രൂപ വീതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 11 വീടുകളും മരപ്പണി മാത്രമേ പൂർത്തിയാക്കിയിരുന്നുള്ളൂ. അവരിൽ ഒരാളൊഴികെ മറ്റുള്ളവർ 5,000 രൂപ വീതം അഡ്വാൻസ് വാങ്ങിയിരുന്നു. ഒരാൾക്ക് ആദ്യ ഗഡുവായ 1,200 രൂപ മാത്രം നൽകിയിരുന്നു. പണം ചെക്ക് മുഖാന്തിരം ഗുണഭോക്താക്കൾക്കാണ് നൽകിയിരുന്നതെങ്കിലും അവർ തുക ശ്രീ. ശിവൻ എന്ന ഒരാളെ ഏൽപ്പിക്കുകയും പണി നടത്തുകയുമാണ് ചെയ്തിട്ടുള്ളത്. ശ്രീ. ശിവനിൽ നിന്നും പണം ഈടാക്കുന്നതിന് നോട്ടീസ് നൽകുകയും ഗിരിവർഗ്ഗക്കാരെ പറ്റിച്ച് പണം തട്ടിയെടുത്തതിന്റെ പേരിൽ ഐ.പി.സി. സെക്ഷൻ 420 അനുസരിച്ച് കേളകം പോലീസ് 120/97 നമ്പരായി കേസ്സെടുത്തു പരിശോധിച്ചുവരികയാണ്.

ഇതിനിടെ ശ്രീ. മോഹൻദാസ്, കരുന്ന കോളനി, പാപ്പിനശ്ശേരി, കണ്ണൂർ എന്നയാൾ ഹൈക്കോടതിയിൽ 6272/97 നമ്പരായി ഒ.പി. ഫയൽ ചെയ്യുകയുണ്ടായി. 30-6-1998-ന് മുൻപായി പൂർത്തീകരിക്കാനുണ്ടായിരുന്ന 11 വീടുകളുടെയും പണി പൂർത്തീകരിക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് ഐ.എ.വൈ. സ്കീമിൽ ഉൾപ്പെടുത്തി പ്രസ്തുത വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്.

### (2) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

ബ്ലോക്ക് നേരിട്ട് ഐ.എ.വൈ. പദ്ധതിയിൽ 11 വീടുകൾ അനുവദിച്ചിരുന്നു. വീടുകളെല്ലാംതന്നെ ഗുണഭോക്താക്കൾ നേരിട്ടാണ് നിർമ്മിച്ചിട്ടുള്ളത്. ഗുണഭോക്താക്കളാണ് ശിവൻ എന്നയാളിനെ പണി ഏൽപ്പിച്ചത്. വീടുകൾ അനുവദിക്കുമ്പോൾ നിലവിലിരുന്ന

22,000 രൂപ വീട്ടുപണി പൂർത്തിയാക്കാൻ തികയാതെ വന്നതിനാലും, ഗുണഭോക്താക്കളുടെ അശ്രദ്ധയും പിടിപ്പുകേടും ആണ് വീട്ടുപണി വൈകാൻ ഇടയായത്.

ഇതു സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ ഉണ്ടായിരുന്ന ഒ.പി. 6272/97-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലാ കളക്ടർ ആവശ്യപ്പെട്ടപ്രകാരം (3-11-1997-ൽ) അന്ന് നിലവിലുണ്ടായിരുന്ന 35,000 രൂപ നിരക്കിൽ ബാക്കി വേണ്ടതായ 13,000 രൂപ വീതം പട്ടികവർഗ്ഗ വികസന ഡയറക്ടർ പേരാവൂർ ബ്ലോക്കിന് അനുവദിക്കുകയും, ഗുണഭോക്താക്കൾ വീട്ടുപണി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ ഗുണഭോക്താക്കളുടെ യോഗം വിളിച്ച് കൺവീനറെ തെരഞ്ഞെടുക്കുകയും കൺവീനർ 11 വീടുകളുടേയും നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടെന്നും ഈ 11 വീടുകളിലും ഇപ്പോൾ ഗുണഭോക്താക്കൾ താമസിച്ചു വരികയാണെന്നും സമിതിയെ ബോദ്ധ്യപ്പെടുത്തുന്നു.

(22-7-2003-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 21</u>

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ചികിത്സാ സഹായവും വിവാഹത്തിനുള്ള സഹായവും വർദ്ധിപ്പിക്കണമെന്നും പട്ടികജാതി കോർപ്പറേഷൻ മുഖേന സ്വയംതൊഴിൽ പദ്ധതികൾക്ക് വായ്പ എടുക്കുന്നതിന് സ്വത്ത് ജാമ്യത്തിൻമേൽ വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നും 20 യൂണിറ്റ് വരെയുള്ള വൈദ്യുതി സൗജന്യമാക്കിയിട്ടുണ്ടെങ്കിലും ഇത് സ്ലാബ് സമ്പ്രദായത്തിൽ ഉൾപ്പെടുത്തി വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതിന് പരിഹാരം കാണണമെന്നും കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>ഊർജ്ജ വകുപ്പിന്റെ മറുപടി</u>

പ്രതിമാസം 20 യൂണിറ്റ് വൈദ്യുതി ഉപയോഗിക്കുന്ന 500 വാട്ട്സിൽ കുറഞ്ഞ കണക്റ്റഡ് ലോഡുള്ള ഉപഭോക്താക്കൾക്ക് സൗജന്യമായി വൈദ്യുതി നൽകിവരുന്നുണ്ട്.

(22-7-2003-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 22</u>

തോൽപ്പെട്ടി ട്രൈബൽ കോളനിയിൽ വൈദ്യുതി എത്തിക്കാനുള്ള ബുദ്ധിമുട്ടിനെ കുറിച്ച് ആരാഞ്ഞ സമിതിക്ക് വിദ്യുച്ഛക്തി ബോർഡ് ഉദ്യോഗസ്ഥൻമാർ താഴെപ്പറയുന്ന വിശദീകരണം നൽകി. തോൽപ്പെട്ടി, മാനന്തവാടി, അട്ടപ്പാടി ലൈൻ വലിച്ച് 11 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് 4 വർഷംമുമ്പ് എസ്റ്റിമേറ്റ് അംഗീകരിച്ചു. ഇതിന് 13.5 കിലോമീറ്റർ ദൈർഘ്യമുണ്ട്. ആദ്യഘട്ടമായി 5 കിലോമീറ്റർ ഏറ്റെടുത്തു. അതിൽ ഫോറസ്റ്റ് ഏരിയ ഉണ്ടായിരുന്നു. ഇതിന് വനം വകുപ്പിന്റെ അനുമതി ഈയിടെ ലഭിച്ചു.

1-ാം ഘട്ടമായ 5 കിലോമീറ്റർ പൂർത്തിയാകുമ്പോൾ തോൽപ്പെട്ടി കോളനിയുടെ ഒരുഭാഗം മാത്രമേ അതിൽ ഉൾപ്പെടുകയുള്ളൂ. രണ്ടാംഘട്ടം പൂർത്തിയാകുമ്പോഴെ കോളനിക്ക് മുഴുവനായി പ്രയോജനപ്പെടൂ. ഏപ്രിൽ 30-ാം തീയതിക്കുമുമ്പ് ഈ വൈദ്യുതി ലൈനിന്റെ പണി പൂർത്തിയാക്കി ഈ പ്രദേശത്ത് വൈദ്യുതി എത്തിക്കാൻവേണ്ട നടപടി കളക്ടർ മുൻകൈ എടുത്ത് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഊർജ്ജ വകുപ്പിന്റെ മറുപടി

തിരുനെല്ലി പഞ്ചായത്തിലെ നെട്ടംതാന, തോൽപ്പെട്ടി കോളനിയിൽ വൈദ്യുതി എത്തിക്കുന്നതിന് താഴെപ്പറയുന്ന ജോലികൾ ഇതുവരെ ചെയ്തിട്ടുണ്ട്:

| | | |
|---|---|---|
| 11 കെ. വി. ലൈൻ | .. | 8.500 കി.മീ. |
| എൽ.ടി. 3 ഫെയ്സ് ലൈൻ | .. | 1 കി.മീ. |
| എൽ.ടി. സിംഗിൾ ഫെയ്സ് ലൈൻ | .. | 2.400 കി.മീ. |

ഇനി 5 കി.മീ. 11 കെ.വി. ലൈൻ വലിക്കൽ ജോലിയും ഒരു 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ ജോലിയും തീർക്കാനുണ്ട്. ഈ ജോലികൾ സ്പിൽ-ഓവർ ജോലിയായി അംഗീകരിച്ച് ചെയ്തുതീർക്കാൻ നടപടി എടുത്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷംതന്നെ ഈ ജോലി തീർക്കാൻ ശ്രമം നടക്കുന്നു.

(22-7-2003-ലെ സമിതിയോഗം അംഗീകരിച്ചു.)

സമിതി ആരാഞ്ഞ അധികവിവരം

വയനാട് ജില്ലയിൽ തിരുനെല്ലി പഞ്ചായത്തിൽ ഉൾപ്പെട്ട തോൽപ്പെട്ടി കോളനിയിലെ വൈദ്യുതീകരണ ജോലികൾ പൂർത്തിയായിട്ടുണ്ടോ?

ഊർജ്ജ വകുപ്പിന്റെ മറുപടി

(28-9-2004-ലെ 10397/സി1/03/ഊ.വ.നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

മാനന്തവാടി സെക്ഷനിൽപ്പെട്ട തോൽപ്പെട്ടി ട്രൈബൽ കോളനിയുടെ വൈദ്യുതീകരണം പൂർത്തിയായിട്ടുണ്ട്. അതിലേക്കായി 13.5 കിലോമീറ്റർ 11 കെ.വി. ലൈൻ വലിക്കുകയും ഒരു 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 600 മീറ്റർ എൽ.ടി. ത്രീ ഫെയ്സ് ലൈനും, 500 മീറ്റർ എൽ.ടി. സിംഗിൾ ഫെയ്സ് ലൈനും സ്ഥാപിച്ച് 36 പട്ടികവർഗ്ഗക്കാർക്ക് ഇതിനകം കണക്ഷൻ നൽകിയിട്ടുണ്ട്.

(8-12-2004-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 23

വയനാട് ജില്ലയിൽ 19 കോളനികളാണ് കുടിവെള്ളം എത്തിക്കാനായി തെരഞ്ഞെടുത്തിട്ടുള്ളതെന്നും അതിൽ 4 എണ്ണത്തിൽ വെള്ളം എത്തിച്ചു എന്നും 5 എണ്ണത്തിന്റെ പണി പൂർത്തിയായി എങ്കിലും വെള്ളം കൊടുത്തുതുടങ്ങിയിട്ടില്ലായെന്നും 4 എണ്ണത്തിന്റെ പണി ആരംഭിച്ചുവെന്നും 6 എണ്ണത്തിന്റെ പണി തുടങ്ങിയിട്ടില്ലായെന്നും വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. വിവിധ ഘട്ടങ്ങളിലായുള്ള ശുദ്ധജലവിതരണ പദ്ധതികളുടെ പണി പൂർത്തിയാക്കി കോളനികളിൽ കുടിവെള്ളം എത്തിക്കാനുള്ള അടിയന്തര നടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ജലസേചന വകുപ്പിന്റെ മറുപടി

വയനാട് ജില്ലയിലെ 19 കോളനികളിൽ 13 കോളനികൾക്ക് ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കിക്കഴിഞ്ഞു. ഒരു പദ്ധതിയുടെ പണി പൂർത്തിയായിക്കഴിഞ്ഞു. രണ്ടെണ്ണം പൂർത്തിയായിക്കൊണ്ടിരിക്കുന്നു. രണ്ട് പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കൊണ്ടിരിക്കുന്നു. ഒരു കോളനിയിലേക്ക് വിതരണക്കുഴൽ നീട്ടുന്നതിനുള്ള സാങ്കേതിക സാദ്ധ്യത ഇല്ലാത്തതിനാൽ പണി ഏറ്റെടുക്കാൻ സാധിച്ചില്ല.

(22-7-2003-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 24

ഒരാൾക്കുതന്നെ രണ്ട് പദ്ധതി പ്രകാരം വീടുകൾ അനുവദിച്ചു നൽകിയതായി സമിതി തെളിവെടുപ്പുവേളയിൽ മനസ്സിലാക്കി. ചെറുവയൽ കോളനിയിൽ ട്രൈബൽ ഫണ്ട് ഉപയോഗിച്ച് പഴയ വീടുകൾ പൊളിച്ചുമാറ്റി പുതിയവ പണിയാൻ തുക നൽകിയതായി കൽപ്പറ്റ ബി.ഡി.ഒ. സമിതിയെ അറിയിച്ചു. 1991-92-ൽ എൻ.ആർ.ഇ.പി. സ്കീമിൽ പണി പൂർത്തിയാക്കിയ 20 വീടുകൾക്ക് ഐ.എച്ച്.ഡി.പി. സ്കീമിൽ ഉൾപ്പെടുത്തി വീണ്ടും 1995-96-ൽ സഹായം അനുവദിക്കുകയുണ്ടായി എന്ന ആരോപണം സംബന്ധിച്ച് അന്വേഷിച്ച് ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാർ ആരെല്ലാമാണെന്നും അവർക്ക് എതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നുമുള്ളതിന്റെ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(1) തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി

ചെറുവയൽ ട്രൈബൽ കോളനിയിലെ 20 കുടുംബങ്ങൾക്ക് ആർ.എൽ.ഇ.ജി.പി. പദ്ധതിപ്രകാരം മാനന്തവാടി ബ്ലോക്കിൽ നിന്നും വീടുകൾ അനുവദിക്കുകയും 1991-92-ൽ പൂർത്തിയാക്കുകയും ചെയ്തു. 1995-96-ൽ കോളനി ഐ.എച്ച്.ഡി.പി. കോളനിയായി തെരഞ്ഞെടുക്കുകയും ടി 20 കുടുംബങ്ങളുൾപ്പെടെ വീണ്ടും പട്ടികവർഗ്ഗ വികസന വകുപ്പിൽ

നിന്നും ധനസഹായം അനുവദിക്കുകയുമാണ് ഉണ്ടായത്. രണ്ടാമത് ധനസഹായം അനുവദിച്ചത് പട്ടികവർഗ്ഗ വികസന വകുപ്പായതിനാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത് പട്ടികവർഗ്ഗ വികസന വകുപ്പാണ്. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ പട്ടികവർഗ്ഗ വികസന വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(2) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

വയനാട് ജില്ലയിലെ എടവക പഞ്ചായത്തിലെ ചെറുവയൽകോളനിയിൽ 1988-89 കാലയളവിൽ 20 വീടുകൾ മാനന്തവാടി ബ്ലോക്ക് മുഖേന അനുവദിച്ചിരുന്നു. ടി കോളനി 1995-96 വർഷം ഐ.എച്ച്.ഡി.പി.യിൽ ഉൾപ്പെടുത്തിയിരുന്നു. ഐ.എച്ച്.ഡി.പി. പദ്ധതി പ്രകാരം നടപ്പാക്കേണ്ട പരിപാടികളെക്കുറിച്ച് തീരുമാനിക്കുന്നതിന് ജില്ലാതല ഉദ്യോഗസ്ഥർ കോളനി സന്ദർശിച്ചപ്പോൾ 13 വീടുകൾ വീണുപോയതായും 4 വീടുകൾ ഭാഗികമായി തകർന്നതായും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഐ.എച്ച്.ഡി.പി. സങ്കേതമായി തെരഞ്ഞെടുത്തതിനാൽ ചെറുവയൽ കോളനിയിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടുകൂടി 1995-96 വർഷം 22 വീടുകൾ അനുവദിക്കുകയുണ്ടായി. ഇതിൽ 8 വീടുകൾ വാസയോഗ്യമാക്കുകയും 11 വീടുകളുടെ തറ പണിയും 3 വീടുകളുടെ ഭിത്തി മട്ടവും പൂർത്തിയാക്കിയിട്ടുണ്ട്. ഈ 14 വീടുകളുടെ പണിയും എത്രയുംവേഗം പൂർത്തിയാക്കുന്നതാണ്. ഇക്കാര്യത്തിൽ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനെ കുറ്റക്കാരനായി കണക്കാക്കി ശിക്ഷണ നടപടി സ്വീകരിക്കാനാകുന്നില്ല എന്ന വിവരം ബോധിപ്പിക്കുന്നു.

(22-7-2003-ലെ സമിതിയോഗം പരിഗണിച്ചു.)

സമിതി ആരാഞ്ഞ അധികവിവരം

വയനാട് ജില്ലയിലെ ചെറുവയൽ കോളനിയിൽ 1995-96 വർഷം ഐ.എച്ച്.ഡി.പി. സ്കീമിൽ ഉൾപ്പെടുത്തി അനുവദിച്ച 22 വീടുകളിൽ പണി പൂർത്തിയാകാനുണ്ടായ 14 വീടുകളുടെ പണി പൂർത്തിയായിട്ടുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(11-8-2015-ലെ 18675/ഇ 1/15/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിലെ ചെറുവയൽ പണിയ കോളനിയിൽ 1995-96 വർഷം അനുവദിച്ചതിൽ പൂർത്തിയാകാനുണ്ടായിരുന്ന വീടുകളുടെ പൂർത്തീകരണം സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമല്ല. എന്നാൽ 2007-08 വർഷം അനുവദിച്ച 21 വീടുകൾ പൂർത്തിയാക്കി ഗുണഭോക്താക്കൾ താമസിച്ചുവരുന്നു. 2015-16 സാമ്പത്തിക

വർഷം ഹഡ്കോയിൽ നിന്നും പട്ടികവർഗ്ഗ വികസന വകുപ്പിന് ലഭിച്ച വായ്പയിൽ നിന്നും അനുവദിച്ച ആറ് വീടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇതോടെ കോളനിയിലെ നിലവിലുള്ള മുഴുവൻ കുടുംബങ്ങൾക്കും വീട് അനുവദിച്ചിട്ടുണ്ട്.

(7-10-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 25

കോളനിയിലെ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട ഇടപാടുകൾ സമഗ്രമായ അന്വേഷണത്തിന് വിധേയമാക്കണമെന്നും ഉത്തരവാദികളായവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കോളനിയിലെ വീടുകളുടെ പണി അടിയന്തരമായി പൂർത്തിയാക്കണമെന്നും അവ അധിവാസയോഗ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(1) തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി

1993-94 വർഷത്തിൽ ദശലക്ഷം കിണർ പദ്ധതിയിൽ ഉൾപ്പെടുത്തി നൂൽപ്പുഴ പഞ്ചായത്തിലെ ഞണ്ടൻകൊല്ലി കാട്ടുനായ്ക്ക കോളനിക്ക് അനുവദിച്ച 22 വീടുകളിൽ 5 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. ബാക്കിയുള്ള വീടുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി നടത്തുകയും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. നൂൽപ്പുഴ പഞ്ചായത്തിൽ ഈ പ്രവൃത്തിയുടെ കാലയളവിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരായിരുന്ന ശ്രീ. ടി. ഫ്രാൻസിസിന്റെ മൂന്ന് വാർഷിക ഇൻക്രിമെന്റുകളും ശ്രീ. ടി. കെ. ചാക്കോയുടെ ഒരു വാർഷിക ഇൻക്രിമെന്റും സഞ്ചിതഫലമില്ലാതെ തടഞ്ഞിട്ടുണ്ട്. ഈ കാലയളവിൽ, സുൽത്താൻ ബത്തേരി ബ്ലോക്കിലെ ഹൗസിംഗ് ഓഫീസറായിരുന്ന ശ്രീ. കെ. വി. രാജപ്പൻ മരിച്ചുപോയതിനാൽ അച്ചടക്ക നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല.

(2) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

ഞണ്ടൻകൊല്ലി കോളനിയിൽ 22 കാട്ടുനായ്ക്ക കുടുംബങ്ങൾ താമസിച്ചുവരുന്നു. 1993-94 വർഷത്തിൽ മില്ല്യൻവെൽ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ കളക്ടറുടെ പ്രത്യേക നിർദ്ദേശപ്രകാരം ഓരോ വീടിനും 12,000 രൂപ എസ്റ്റിമേറ്റിൽ ബത്തേരി ബ്ലോക്ക് ഭവന നിർമ്മാണം ആരംഭിച്ചു. ഇതിൽ 7 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും 15 വീടുകളുടെ തറ മാത്രം പൂർത്തീകരിച്ച് ഗുണഭോക്താക്കൾ തറയുടെ മുകളിൽ മൺഭിത്തികെട്ടി പുല്ലുമേഞ്ഞ് താമസിച്ചുവരുന്നു. 12,000 രൂപയിൽ 9,500 രൂപാവീതം ഗുണഭോക്താക്കൾക്ക് തൻവർഷംതന്നെ വിതരണം നടത്തിയിരുന്നു. വീടുകളുടെ പണി പൂർത്തീകരിക്കാൻ തുക

അപര്യാപ്തമായതിനാൽ 1999-2000-ലെ ഫണ്ടുപയോഗിച്ച് വീടുകളുടെ പണി പുനരാരംഭിച്ചിട്ടുണ്ടെന്നും ഈ വർഷംതന്നെ പ്രസ്തുത വീടുകളുടെ നിർമ്മാണം നല്ലരീതിയിൽ പൂർത്തികരിക്കാൻ നടപടി എടുത്തിട്ടുണ്ടെന്നും അറിയിക്കുന്നു. 1993-94 വർഷം മില്ല്യൻവെൽ സ്കീം പ്രകാരം അനുവദിച്ച 22 വീടുകളുടെ നിർമ്മാണത്തിനായി ബന്ധപ്പെട്ട ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഗ്രാമവികസന വകുപ്പ് ഉദ്യോഗസ്ഥരുടെമേൽ ടി വകുപ്പ് അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കുന്നു.

(22-7-2003-ലെ സമിതിയോഗം പരിഗണിച്ചു.)

സമിതി ആരാഞ്ഞ അധികവിവരം

ഞണ്ടൻകൊല്ലി കാട്ടുനായ്ക്കൻ കോളനിയിൽ 1999-2000 വർഷത്തെ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം തുടങ്ങിയ 15 വീടുകളുടെ പണി പൂർത്തിയായോ, ഇപ്പോഴത്തെ സ്ഥിതി ഇവ സമിതിയെ അറിയിക്കുക.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(11-8-2015-ലെ 18675/ഇ 1/15/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

1999-2000 വർഷം അനുവദിച്ച 15 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. സുൽത്താൻ ബത്തേരി താലൂക്കിലെ ഞണ്ടൻകൊല്ലി കാട്ടുനായ്ക്കൻ കോളനിയിൽ നിലവിൽ വാസയോഗ്യമായ 23 ഓടിട്ട വീടുകളുണ്ട്. ആയതിൽ രണ്ട് വീടുകൾ 2014-15 സാമ്പത്തിക വർഷം അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. പുതിയതായി 4 ഉപകുടുംബങ്ങൾക്ക് നടപ്പുവർഷം ഭവന ധനസഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(7-10-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 26

ഈ കോളനിക്ക് സമീപം തന്നെ അംഗൻവാടിയും സ്കൂളും ഉണ്ടായിരുന്നിട്ടും കോളനിയിലെ കുട്ടികൾ സ്കൂളിൽ പോകാറില്ലായെന്നത് സമിതിയെ അത്ഭുതപ്പെടുത്തുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ഇക്കാര്യത്തെക്കുറിച്ച് അന്വേഷിച്ച് ട്രൈബൽ വോളന്റിയേഴ്സ് മുഖേന കുട്ടികളെ സ്കൂളിൽ അയയ്ക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സാമൂഹ്യനീതി വകുപ്പിന്റെ മറുപടി

വയനാട് ജില്ലയിലെ ഞണ്ടൻകൊല്ലി കാട്ടുനായ്ക്കൻ കോളനിയിൽ ആകെ 22 വീടുകളാണുള്ളത്. ഈ വീടുകളിൽ 6 വയസ്സിനുതാഴെയുള്ള 6 കുട്ടികളുണ്ട്. ഇവർ സ്ഥിരമായി അംഗൻവാടിയിൽ പോകുന്നവരാണ്. ഈ കോളനിയിൽ സ്കൂൾപ്രായമുള്ള

10 കുട്ടികൾ ഉള്ളതിൽ 8 പേർ സ്കൂളിൽ പോകുന്നുണ്ട്. സ്കൂൾപ്രായമായിട്ടും അംഗൻവാടികളിൽ പോകുന്ന കുട്ടികളെ സ്കൂളിൽ ചേർക്കാനുള്ള നടപടികൾ എത്രയും വേഗം ചെയ്യാമെന്ന് രക്ഷിതാക്കൾ സമ്മതിച്ചിട്ടുണ്ട്. കുട്ടികളെ സ്കൂളിൽ അയയ്ക്കുന്നതിന് രക്ഷിതാക്കൾക്ക് ഇൻസെന്റീവും മറ്റും നൽകുമെന്നും ട്രൈബൽ ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ അറിയിച്ചിട്ടുണ്ട്.

(22-7-2003-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 27

രാരോത്ത് കോളനിയിൽ അജ്ഞാതരോഗം പടർന്നുപിടിച്ചുകൊണ്ടിരിക്കുന്നുവെന്ന് മാതൃഭൂമി ദിനപ്പത്രത്തിൽ വന്ന വാർത്ത സമിതിയുടെ ശ്രദ്ധയിൽപ്പെടുകയും സമിതി അവിടം സന്ദർശിക്കുകയും ചെയ്തു. മീനങ്ങാടി ടൗണിൽ നിന്നും ഉദ്ദേശം 2 കിലോമീറ്റർ അകലെയാണ് രാരോത്ത് ആദിവാസി കോളനി. ഉദ്ദേശം 70 വയസ്സ് പ്രായം തോന്നിക്കുന്ന മുക്കി എന്ന ആദിവാസി സ്ത്രീ അതിദയനീയമായ നിലയിൽ നിലത്തുവിരിച്ച പായിൽ വെയിൽ ഏറ്റുകൊണ്ടുകിടക്കുന്ന കാഴ്ച സമിതിയെ ഞെട്ടിപ്പിച്ചു. ഈ സ്ത്രീയുടെ പുറം ഒരു പ്രത്യേക രോഗംവന്ന് വ്രണമായി വീർത്ത് നീര് ഒലിച്ചുകൊണ്ടിരിക്കുന്നു. വേദനകൊണ്ട് പുളയുന്ന ഇവരെ ശുശ്രൂഷിക്കാൻ ആരുംതന്നെ ഇല്ല. കോളനിയിലെ മുതിർന്നവർക്കും കുട്ടികൾക്കും ഈ രോഗം പടർന്നിട്ടുള്ളതായി കാണാൻകഴിഞ്ഞു. ഇവരുടെ ചികിത്സയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 500 രൂപ ലഭിച്ചിട്ടുള്ളതല്ലാതെ യാതൊരു സഹായമോ ആശ്വാസമോ ലഭിച്ചതായി അറിയാൻ കഴിഞ്ഞിട്ടില്ല. മുക്കിക്ക് വേണ്ട എല്ലാ ചികിത്സയും ഉറപ്പുവരുത്താനും ആശുപത്രിയിൽ കൂട്ടിരിക്കുന്ന ഒരാൾക്കുവേണ്ട ചെലവ് വഹിക്കാനും കോളനിയിലെ എല്ലാ അംഗങ്ങളേയും വൈദ്യപരിശോധനയ്ക്ക് വിധേയമാക്കി ചികിത്സ നൽകാനും സമിതി ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുകയുണ്ടായി.

മേൽപ്പറഞ്ഞ സംഭവം മറ്റുചില യാഥാർത്ഥ്യങ്ങളിലേക്കാണ് വിരൽചൂണ്ടുന്നത്. ട്രൈബൽ ഡെവലപ്മെന്റിലെ ഉദ്യോഗസ്ഥർക്കോ മറ്റ് ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർക്കോ ഈ കോളനിയെപ്പറ്റി ഒരു ധാരണയും ഇല്ലെന്നുള്ളത് ആണ് ഏറ്റവും അത്ഭുതാവഹമായ കാര്യം. ഇത്രയും ഗുരുതരമായ ഒരവസ്ഥ ഈ കോളനിയിൽ ഉണ്ടായിട്ടും ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസറോ ട്രൈബൽ വോളന്റിയേഴ്സോ ഈ കോളനി സന്ദർശിച്ചിട്ടുമില്ല. ട്രൈബൽ വോളന്റിയേഴ്സിനെ ഏൽപ്പിച്ച ചുമതല അവർ കൃത്യമായി നിർവ്വഹിക്കുന്നില്ലായെന്നതാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ട്രൈബൽ വോളന്റിയേഴ്സ് കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുന്നില്ലായെന്ന് ഉറപ്പുവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ മറുപടി

(11-8-2015-ലെ 18675/ഇ 1/15/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്.)

പട്ടികവർഗ്ഗ മേഖലയിലെ പട്ടികവർഗ്ഗക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ യഥാസമയം മനസ്സിലാക്കി ബന്ധപ്പെട്ട ഓഫീസ് വഴി പരിഹാരം കണ്ടെത്തുക എന്നുള്ളതാണ് പട്ടികവർഗ്ഗ പ്രൊമോട്ടർമാരിൽ നിക്ഷിപ്തമായിട്ടുള്ള കർത്തവ്യം. ഇക്കാര്യം സംബന്ധിച്ച് ജില്ലാതല ഓഫീസർമാർക്കും പ്രൊമോട്ടർമാർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. പ്രൊമോട്ടർമാർ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനും വീഴ്ചവരുത്തുന്നവരെ ചുമതലയിൽ നിന്നും ഒഴിവാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

(12-8-2015-ലെ സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 28

കോഴിക്കോട് സിറ്റിയിൽ ഒരു കോളനിക്ക് മാത്രമാണ് വൈദ്യുതി കണക്ഷൻ കൊടുക്കാൻ അവശേഷിക്കുന്നതെന്നും വടകര 11 കോളനികൾ ഉള്ളതിൽ 7 കോളനികളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കാനുണ്ടെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. ഈ സ്ഥലത്ത് ഇപ്പോൾ പണി നടത്തിക്കൊണ്ടിരിക്കുകയാണെന്നും കഴിയുന്നതും വേഗം പണി പൂർത്തിയാക്കുന്നതായിരിക്കും എന്നും അദ്ദേഹം വ്യക്തമാക്കി. ജില്ലയിൽ ധാരാളം കുടുംബങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കാൻ ഉണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇവർക്ക് എല്ലാംതന്നെ വൈദ്യുതി കണക്ഷൻ നൽകാനുള്ള നടപടി ഉടനടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(1) ഊർജ്ജ വകുപ്പിന്റെ മറുപടി

കോഴിക്കോട് സിറ്റിയിൽ കല്ലുത്താൻകടവ് ഐ.എച്ച്.ഡി.പി. കോളനിയിൽ വൈദ്യുതി കണക്ഷന് അപേക്ഷിച്ച എല്ലാവർക്കും കണക്ഷൻ കൊടുത്തുകഴിഞ്ഞു.

വടകര ഡിവിഷനിൽ വൈദ്യുതീകരിക്കുവാനുണ്ടായിരുന്ന താഴെപ്പറയുന്ന 7 ഐ.എച്ച്.ഡി.പി. കോളനികൾ വൈദ്യുതീകരിച്ചു കഴിഞ്ഞു:

| | | | |
|---|---|---|---|
| 1. | കുളിക്കുന്ന് | .. | വേളം പഞ്ചായത്ത് |
| 2. | ആക്കവയൽ | .. | തുറയൂർ പഞ്ചായത്ത് |
| 3. | പയംവീട്ടിൽ മീത്തൽ | .. | അരിക്കുളം പഞ്ചായത്ത് |
| 4. | ചെരണ്ടത്തൂർ | .. | മണിയൂർ പഞ്ചായത്ത് |
| 5. | തുവ്വക്കോട് | .. | ചേമഞ്ചേരി പഞ്ചായത്ത് |

6. കുരുന്നൽ കുന്നുമ്മൽ .. അരിക്കുളം പഞ്ചായത്ത്

7. കാവുക്കുന്നി .. തിരുവങ്ങൂർ പഞ്ചായത്ത്.

കോഴിക്കോട് ജില്ലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ പുതിയതായി രജിസ്റ്റർ ചെയ്തവയുൾപ്പെടെ 786 ഓവർഹെഡ് സർവ്വീസ് കണക്ഷനുകളും 150 വെതർപ്രൂഫ് കണക്ഷനുകളും ഇപ്പോൾ നൽകാനുണ്ട്. അവ കൊടുത്തു തീർക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

(2) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

ജില്ലയിലെ 79 പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങൾ വൈദ്യുതീകരിച്ചിട്ടുണ്ട്. ഇവയിൽ 24 എണ്ണവും മാർച്ച് 1997 മുതൽ ഏപ്രിൽ 1998 വരെയുള്ള കാലത്ത് ചാർജ് ചെയ്തിട്ടുള്ളതാണ്. ഇതിന് പുറമെ ഒറ്റപ്പെട്ടുകിടക്കുന്ന 333 പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വീടുകൾക്ക് 1997-98 വർഷത്തിൽ വൈദ്യുതി കണക്ഷൻ നല്കിയിട്ടുണ്ട്. വൈദ്യുതീകരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വൈദ്യുതി ബോർഡിനോട് സർക്കാർ ആവശ്യപ്പെടുന്നുണ്ട്.

(22-7-2003-ലെ സമിതി യോഗം പരിഗണിച്ചു.)

സമിതി ആരാഞ്ഞ അധികവിവരം

കോഴിക്കോട് ജില്ലയിൽ വൈദ്യുതി വിതരണരംഗത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 786 ഓവർഹെഡ് സർവ്വീസ് കണക്ഷനുകളും 150 വെതർപ്രൂഫ് കണക്ഷനുകളും നൽകാനുണ്ടെന്ന് അറിയിച്ചിരുന്നു. അവ നൽകി കഴിഞ്ഞോ ഇല്ലെങ്കിൽ ഇപ്പോഴത്തെ സ്ഥിതി എന്താണ് ?

ഊർജ്ജ വകുപ്പിന്റെ മറുപടി

(28-9-2004-ലെ 10397/സി1/03/ഊ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

കോഴിക്കോട് ജില്ലയിൽ പട്ടികവർഗ്ഗ/പട്ടികജാതി വിഭാഗത്തിൽ 858 ഓവർഹെഡ് സർവ്വീസ് കണക്ഷനുകളും 96 വെതർപ്രൂഫ് സർവ്വീസ് കണക്ഷനുകളും കൊടുക്കുവാൻ ബാക്കിയുണ്ട് (1-6-2004-ലെ കണക്കുപ്രകാരം) സാധനസാമഗ്രികളുടെ ലഭ്യതയ്ക്ക് അനുസരിച്ച് ഇത് കൊടുത്തു തീർക്കുന്നതാണ്.

(8-12-2004-ലെ സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 29

സാംബവ വെൽഫെയർ സ്കൂളുകളിൽ ഇപ്പോൾ ആവശ്യത്തിന് അദ്ധ്യാപകർ ഉണ്ടോ എന്നും അവർ ദീർഘനാളത്തേക്ക് ലീവ് എടുത്ത് പോകാറുണ്ടോ എന്നും പരിശോധിച്ച് സമിതിയെ അടിയന്തരമായി വിവരം ധരിപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

(1) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

വെൽഫെയർ സ്കൂളിൽ അദ്ധ്യാപകരുടെ നികത്താത്ത ഒഴിവുകൾ ഒന്നും തന്നെയില്ലെന്നും പ്രസ്തുത വിദ്യാലയങ്ങളിൽ അദ്ധ്യാപകർ ദീർഘകാല ലീവിൽ പ്രവേശിക്കുന്നതായിട്ടുള്ള റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ലെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(2) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മറുപടി

കോഴിക്കോട് വിദ്യാഭ്യാസ ജില്ലയിൽ പേരാമ്പ്ര ഗവൺമെന്റ് വെൽഫെയർ സ്കൂൾ ഉൾപ്പെടെ എല്ലാ വെൽഫെയർ സ്കൂളുകളിലും അദ്ധ്യയനം സുഗമമായി നടക്കുന്നുണ്ട് പ്രസ്തുത സ്കൂളുകളിൽ എല്ലാ തസ്തികകളിലും അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്. അവരിലാരും തന്നെ ദീർഘനാളത്തെ അവധിയിൽ പോയിട്ടില്ല.

(22-7-2003-ലെ സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 30

കോഴിക്കോട് ജില്ലയിലെ വിവിധ ഘട്ടങ്ങളിലുള്ള ശുദ്ധജലവിതരണ പദ്ധതികളുടെ പണി അടിയന്തരമായി പൂർത്തീകരിക്കണമെന്നും കോളനികളിൽ ശുദ്ധജലവിതരണം എത്തിക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(1) ജലവിഭവ വകുപ്പിന്റെ മറുപടി

കോഴിക്കോട് ജില്ലയിൽ വടകര ഡിവിഷനുകീഴിൽ 29 ഐ.എച്ച്.ഡി.പി. കോളനികളും കോഴിക്കോട് ഡിവിഷനുകീഴിൽ 22 ഐ.എച്ച്.ഡി.പി. കോളനികളുമാണുള്ളത്.

വടകര ഡിവിഷനുകീഴിലുള്ള 29 കോളനികളിൽ 9 കോളനികളിൽ ശുദ്ധജല വിതരണ പദ്ധതികൾ കമ്മീഷൻ ചെയ്തുകഴിഞ്ഞു. 6 കോളനികളിലേക്കുള്ള പദ്ധതികൾ പൂർത്തിയായിക്കഴിഞ്ഞെങ്കിലും ഒറിജിനൽ സ്കീമുകൾ ഇതുവരെ കമ്മീഷൻ ചെയ്തുകഴിയാത്ത തിനാൽ ജലവിതരണം ആരംഭിക്കാൻ സാധിച്ചിട്ടില്ല. മഞ്ചേരിക്കുന്ന്, നിരപ്പിൽകുന്ന് എന്നീ കോളനികൾക്കുള്ള പദ്ധതികൾ പൂർത്തിയായെങ്കിലും ജലവിതരണം ആരംഭിക്കണ മെങ്കിൽ ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും പവർ കണക്ഷനും ലഭിക്കേണ്ടതുണ്ട്. 5 കോളനികളിലേക്കുള്ള സ്കീമുകളുടെ പണി വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. മറ്റ് 7 കോളനികളിലേക്കുള്ള സ്കീമുകൾ നടപ്പിലാക്കാൻ വേണ്ട നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നു.

കോഴിക്കോട് ഡിവിഷനുകീഴിലുള്ള 22 ഐ.എച്ച്.ഡി.പി. കോളനികളിൽ 12 കോളനികൾക്ക് വേണ്ടി സ്കീമുകൾ നടപ്പിലാക്കി കഴിഞ്ഞു. 5 കോളനികളിലേക്കുള്ള പദ്ധതികളുടെ പണി വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗ

പദ്ധതികൾ നടപ്പിലാക്കാൻ വേണ്ടിയുള്ള ജില്ലാതല കമ്മിറ്റി ഇതുവരെ തുടങ്ങാത്ത പദ്ധതികൾ തുടങ്ങേണ്ട എന്ന് തീരുമാനിക്കുകയും അവയ്ക്കുവേണ്ടി നൽകിയിരുന്ന അനുമതി പിൻവലിക്കുകയും ചെയ്തു. ഇപ്രകാരം 4 കോളനികൾക്കുവേണ്ടിയുള്ള പദ്ധതികൾ ഏറ്റെടുത്തിട്ടില്ല. ഒരു പദ്ധതിക്ക് വേണ്ടതായ പ്രകൃതിഭരണ ഉറവിടം സ്ഥിതിചെയ്യുന്ന സ്ഥലം പഞ്ചായത്ത് ഇതുവരെ ലഭ്യമാക്കാത്തതിനാൽ ഉറവിടത്തിന്റെ പണി കൂടി പൂർത്തിയാക്കാനുണ്ട്.

(2) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

ജില്ലയിൽ 75 ശുദ്ധജലവിതരണ പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. ഇതിൽ 21 എണ്ണം ഐ.എച്ച്.ഡി.പി. കോളനികളാണ്. 6 എണ്ണം അംബേദ്കർ ഗ്രാമങ്ങളാണ്. 19 കോളനികളിൽ പണി വിവിധ ഘട്ടങ്ങളിലാണ്. 20 കോളനികളിൽ പണി ആരംഭിച്ചിട്ടില്ല. കഴിഞ്ഞ സാമ്പത്തികവർഷം രണ്ട് ഗഡുക്കളായി 60.61 ലക്ഷം രൂപ ഈ ആവശ്യത്തിന് ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. ഇതിനുപുറമെ 1998-99 വർഷത്തിലും ഫണ്ട് ലഭ്യമാക്കുന്നതാണ്.

(22-7-2003-ലെ സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 31

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് അടിയന്തരമായി യൂണിഫോം തുണികൾ വിതരണം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 1995-96-ലും 1996-97-ലും സൗജന്യ യൂണിഫോം തുണികൾ വിതരണം ചെയ്തിട്ടുണ്ടെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

സമിതി ആവശ്യപ്പെട്ട അധികവിവരം

1997-98, 1998-99 എന്നീ അദ്ധ്യയനവർഷങ്ങളിൽ സൗജന്യ യൂണിഫോം തുണികൾ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിവരം.

അധികവിവരത്തിനുള്ള മറുപടി

1997-98-ൽ ടി.എസ്.പി. സ്കീമിൽ 3,000 രൂപയ്ക്ക് യൂണിഫോം തുണി വിതരണം നടത്തി. എസ്.സി.പി. പദ്ധതികൾ ഒന്നും നടപ്പാക്കിയില്ല. 1998-99-ൽ പട്ടികജാതിയിൽപ്പെട്ടവർക്ക് വസ്ത്രവിതരണം നടത്തുന്നതിന് ധനസഹായം അനുവദിച്ചില്ല. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 75 രൂപ നിരക്കിൽ വസ്ത്രവിതരണം നടത്തിയതിന് 2,61,000 രൂപ ചെലവായിട്ടുണ്ട്.

(22-7-2003-ലെ സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 32

എസ്റ്റേറ്റ് ടാങ്കിൽ ഉള്ള ബോർവെല്ലിൽ നിന്നും മാമ്പാറ്റ ബോർവെല്ലിൽ നിന്നും കോളനിയിലേക്ക് പ്രത്യേക പദ്ധതി ഉണ്ടാക്കി ശുദ്ധജലം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കോളനി നിവാസികൾ സ്ഥലസൗകര്യം ലഭ്യമാക്കുമെങ്കിൽ ഓപ്പൺ വെൽ നിർമ്മിച്ച് പമ്പ്സെറ്റ് വയ്ക്കാമെന്നും സമിതി അഭിപ്രായപ്പെടുന്നു.

(1) ജലസേചന വകുപ്പിന്റെ മറുപടി

മുക്കം പഞ്ചായത്തിലെ കയ്യിട്ടാംപൊയിൽ ഐ.എച്ച്.ഡി.പി. കോളനിയിലേക്ക് മാമ്പറ്റയിൽ നിന്നും ലൈൻ നീട്ടികൊടുക്കുവാൻ സാദ്ധ്യതയുള്ള മാമ്പറ്റ പദ്ധതിയുടെ ഉറവിടമായ കുഴൽ കിണറ്റിൽ ആവശ്യമായ വെള്ളം ലഭ്യമല്ലാത്തതിനാൽ പ്രത്യേകമായി ഒരു കിണറും ടാങ്കും നിർമ്മിക്കാൻ പ്രൊപ്പോസൽ തയ്യാറാക്കിയെങ്കിലും കിണറിനുവേണ്ട സ്ഥലം പഞ്ചായത്ത് ഇനിയും ലഭ്യമാക്കേണ്ടതുണ്ട്. നിലവിലുള്ള പദ്ധതികൾ പൂർത്തീകരിച്ച ശേഷം പുതിയ പദ്ധതികൾ ഏറ്റെടുത്താൽ മതിയെന്ന ജില്ലാതല കമ്മിറ്റിയുടെ തീരുമാനപ്രകാരം പുതിയ പദ്ധതികൾ ആരംഭിച്ചിട്ടില്ല.

(2) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

ഈ കോളനിക്കകത്ത് ടാങ്ക് കെട്ടുന്നതിനുള്ള സ്ഥലം ലഭ്യമല്ലാത്തതിനാൽ, കോളനിക്ക് പുറത്ത് സ്ഥലം കണ്ടെത്തി ടാങ്ക് നിർമ്മിച്ച് പൈപ്പുവഴി കോളനിയിൽ ജലവിതരണം നടത്താൻ കഴിയുമോയെന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഓഫീസർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

(22-7-2003-ലെ സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 33

ഈ കോളനിയിൽ തൽക്കാലം സിംഗിൾ ഫെയ്സ് ലൈൻ വലിച്ച് പിന്നീട് അത് വികസിപ്പിച്ച് വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(1) ഊർജ്ജ വകുപ്പിന്റെ മറുപടി

മുക്കം പഞ്ചായത്തിലെ കയ്യിട്ടാംപൊയിൽ ഐ.എച്ച്.ഡി.പി. കോളനിയിൽ തല്ക്കാലം സിംഗിൾ ഫെയ്സ് ലൈൻ വലിച്ച്, വൈദ്യുതീകരിക്കാനുള്ള സമിതിയുടെ ശിപാർശകൾ നടപ്പിലാക്കുവാൻ ബുദ്ധിമുട്ടുണ്ട്. ഈ കോളനിയുടെ വൈദ്യുതീകരണത്തിന് താഴെപ്പറയുന്ന ജോലികൾ ചെയ്യേണ്ടതാണ് :

| | | |
|---|---|---|
| 11 കെ.വി.ലൈൻ | .. | 1.75 കി.മീ. |
| ട്രാൻസ്ഫോർമർ | .. | 1 x100 കെ.ഡബ്ല്യൂ.എ. |
| എൽ.ടി.3 ഫെയ്സ് ലൈൻ | .. | 1.2. കി.മീ. |

| | | |
|---|---|---|
| എൽ. ടി. 1 ഫെയ്സ് ലൈൻ | .. | 2.5 കി.മീ |
| സർവ്വീസ് കണക്ഷൻ | .. | 20 എണ്ണം |
| സ്ട്രീറ്റ് ലൈറ്റ് | .. | 40 എണ്ണം |

മുകളിൽ സൂചിപ്പിച്ച ജോലികൾക്ക് 12,52,075 രൂപ തുക വരുന്ന ഒരു എസ്റ്റിമേറ്റിന് അംഗീകാരം നല്കിയിട്ടുണ്ട്. ഈ കോളനി പീപ്പിൾസ് പാർട്ടിസിപ്പേഷൻ സ്കീമിൽ ഉൾപ്പെടുത്തി കോഴിക്കോട് ഡിസ്ട്രിക് പഞ്ചായത്ത് പണം അടച്ചിട്ടുള്ളതിനാൽ ആ സ്കീമിൽപ്പെടുത്തി പണി തീർക്കാൻ നടപടികൾ എടുത്തിട്ടുണ്ട്.

(2) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

11-11-1997-ൽ ചേർന്ന ജില്ലാതല കമ്മിറ്റി വൈദ്യുതീകരണം അംഗീകരിച്ചിട്ടുണ്ട് എന്നുള്ള വിവരം ജില്ലാ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(22-7-2003-ലെ സമിതി യോഗം പരിഗണിച്ചു)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

കോഴിക്കോട് ജില്ലയിലെ മുക്കം പഞ്ചായത്തിലെ കയ്യിട്ടാംപൊയിൽ ഐ.എച്ച്.ഡി.പി. കോളനിയുടെ വൈദ്യുതീകരണ ജോലികൾക്ക് 12,52,075 രൂപ വരുന്ന ഒരു എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ടെന്നും ഈ കോളനി പീപ്പിൾസ് പാർട്ടിസിപ്പേഷൻ സ്കീമിൽ ഉൾപ്പെടുത്തി കോഴിക്കോട് ഡിസ്ട്രിക് പഞ്ചായത്ത് പണം അടച്ചിട്ടുള്ളതിനാൽ പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി പണി തീർക്കാൻ നടപടികൾ എടുത്തിട്ടുണ്ടെന്ന് അറിയിച്ചിരുന്നു. പ്രസ്തുത കോളനി വൈദ്യുതീകരിച്ചുകഴിഞ്ഞോ?

<u>ഊർജ്ജ വകുപ്പിന്റെ മറുപടി</u>

(28-9-2004-ലെ 10397/സി1/03/ഊ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

മുക്കം പഞ്ചായത്തിലെ കയ്യിട്ടാംപൊയിൽ ഹരിജൻ കോളനി വൈദ്യുതീകരണത്തിന് 12,21,320 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയത് റ്റി.എസ്1/എസ്.സി.പി-റ്റി.എസ്.പി./ഐ.എച്ച്.ഡി.പി./97-98/എ.എസ്. നമ്പർ18/976/12-12-1997 എന്ന ഓർഡർ പ്രകാരം കോഴിക്കോട് ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ പാസ്സാക്കുകയും ചെയ്തു. എസ്റ്റിമേറ്റ് തുക, കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് അടയ്ക്കുകയും, തുടർന്ന് താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു:

| | |
|---|---|
| 1. 11 കെ.വി.ലൈൻ | 1.138 കിലോമീറ്റർ |
| 2. ട്രാൻസ്ഫോർമർ | 100 കെ.വി.എ. |

| | |
|---|---|
| 3. 3 ഫേസ് 5 വയർ | 150 മീറ്റർ |
| 4. 3 ഫേസ് 4 വയർ | 505 മീറ്റർ |
| 5. 1 ഫേസ് 3 വയർ | 521 മീറ്റർ |
| 6. 1 ഫേസ് 2 വയർ | 972 മീറ്റർ |
| 7. തെരുവ് വിളക്കുകൾ | 11 എണ്ണം |

പ്രസ്തുത ലൈനും ട്രാൻസ്ഫോർമറും 27-3-2001-ന് ചാർജ് ചെയ്തു. ബ്ലോക്ക് പഞ്ചായത്തിന്റെ ലിസ്റ്റ് പ്രകാരം 54 പേർക്ക് കണക്ഷൻ നൽകി.

കൊടിയത്തൂർ പഞ്ചായത്തിലെ പൊലിക്കുന്ന് കോളനിയിൽ അപേക്ഷ സമർപ്പിച്ച് വൈദ്യുതിക്ക് വേണ്ടി കാത്തിരിക്കുന്നത് ശ്രീ. രാമൻ എന്ന ഒരാൾ മാത്രമാണ് (12/99). ഈ അപേക്ഷകനിൽ നിന്ന്, പ്രത്യേക മുൻഗണന ലഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ കിട്ടിയിട്ടില്ല. അതുകൊണ്ട് ഇത് സാധാരണ മുൻഗണനാലിസ്റ്റിലാണ്. ഈ കണക്ഷൻ ഒരു മാസത്തിനുള്ളിൽ തന്നെ കൊടുക്കുന്നതായിരിക്കും.

(8-12-2004-ലെ സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 34</u>

സമിതി ഒടിയത്തൂർ പഞ്ചായത്തിലെ പൊലിക്കുന്ന് കോളനി സന്ദർശിച്ചു. കോളനിയിൽ 31 വീടുകൾ ഉണ്ട്. വൈദ്യുതി എത്തിക്കാൻവേണ്ടി 1986-ൽ ലൈൻ വലിച്ചെങ്കിലും പണികൾ ഒന്നും നടന്നിട്ടില്ലായെന്ന് കോളനി സെക്രട്ടറി സമിതിയെ അറിയിച്ചു. കഴിഞ്ഞ മൂന്ന് വർഷമായി 14 വീടുകൾക്ക് കണക്ഷൻ കൊടുക്കാനായി 14,000 രൂപ ചെലവഴിച്ചതായി എക്സിക്യൂട്ടീവ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. ഐ.എച്ച്.ഡി.പി. കോളനിയായതിനുശേഷം ഈ കോളനിയിൽ ഒരു പണിയും നടക്കാത്ത സാഹചര്യത്തിൽ മേൽപ്പറഞ്ഞ 14,000 രൂപ എന്തിനുവേണ്ടി ചെലവഴിച്ചു എന്നത് കളക്ടർ അടിയന്തരമായി പരിശോധിച്ച് വിവരം സമിതിയെ അറിയിക്കണമെന്ന് നിർദ്ദേശിച്ചു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

റിപ്പോർട്ട് തെറ്റായി നൽകിയതാണ്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. എങ്കിലും 14 വീടുകൾക്ക് കണക്ഷൻ നൽകാൻ 17,080 രൂപ സ്പിൽ ഓവറായി ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്ന വിവരം ജില്ലാ പട്ടികജാതി വികസന ഓഫീസർ അറിയിച്ചിട്ടുണ്ട്.

(22-7-2003-ലെ സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 35

കുടിവെള്ളത്തിനുവേണ്ടി കോളനിയിൽ മൂന്നര ലക്ഷം രൂപ ചെലവഴിക്കുകയും പലസ്ഥലത്തും പൈപ്പ് ലൈൻ സ്ഥാപിക്കുകയും ടാപ്പ് ഇടുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും കോളനി നിവാസികൾക്ക് ഇതേവരെ വെള്ളം ലഭിച്ചിട്ടില്ലായെന്ന് അവർ പരാതിപ്പെടുകയുണ്ടായി. ഇത് ഒരു അടിയന്തര വർക്ക് ആയി ചെയ്ത് കോളനി നിവാസികൾക്ക് എത്രയുംവേഗം ശുദ്ധജലം എത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(1) ജലവിഭവ വകുപ്പിന്റെ മറുപടി

കോളനിയിൽ താല്ക്കാലികമായി 5000 ലിറ്റർ ശേഷിയുള്ള എച്ച്.ഡി.പി.ഇ. ടാങ്ക് സ്ഥാപിക്കുകയും കൂടുതൽ സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടി 4 ടാപ്പുകൾ കൂടുതലായി സ്ഥാപിച്ചു കൊടുക്കുകയും ചെയ്തു. കൂടാതെ താല്ക്കാലിക ടാങ്കിന് പകരമായി കോൺക്രീറ്റ് ടാങ്ക് സ്ഥാപിക്കുന്നതിന് ടെണ്ടർ വിളിച്ച് പ്രവൃത്തി തുടങ്ങുന്നതിനുള്ള അനുമതി നൽകികഴിഞ്ഞു. ഈ പണി രണ്ട് മാസത്തിനകം പൂർത്തിയാക്കുന്നതാണ്.

(2) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

താല്ക്കാലിക നടപടിയായി 5000 ലിറ്റർ ടാങ്ക് സ്ഥാപിച്ച് ശുദ്ധജല വിതരണം നടത്തിവരുന്നു. പെർമനന്റ് ടാങ്കിന്റെ പണി പുരോഗമിച്ചുവരുന്നു.

(22-7-2003-ലെ സമിതി യോഗം അംഗീകരിച്ചു.)

സമിതി ആരാഞ്ഞ അധികവിവരം

ഒടിയത്തൂർ പഞ്ചായത്തിലെ പൊലിക്കുന്ന് കോളനിയിൽ ശുദ്ധജല വിതരണ പദ്ധതി 2 മാസത്തിനകം പൂർത്തിയാകുമെന്ന് അറിയിച്ചിരുന്നു. ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് സമിതിയെ അറിയിക്കുക.

ജലവിഭവ (ജലവിതരണ-സി) വകുപ്പിന്റെ മറുപടി

(20-10-2010-ലെ 14134/സി2/07/ജ.വി.വ.നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

കോഴിക്കോട് ജില്ലയിലെ ഒടിയത്തൂർ പഞ്ചായത്തിലെ പൊലിക്കുന്ന് കോളനിയിൽ ശുദ്ധജലവിതരണ പദ്ധതി കമ്മീഷൻ ചെയ്തുകഴിഞ്ഞു.

(5-12-2012-ലെ സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 36, 37, 38

സമിതി സന്ദർശിച്ച കോളിയോട്ടുമല കോളനിയിൽ 87 വീടുകൾ ഉണ്ട്. ഇതിൽ 30 വീടുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. ഇവിടെ അടിയന്തരമായി വൈദ്യുതി ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കോളനിയിലെ കുഴൽക്കിണറിൽ ധാരാളം വെള്ളം ഉണ്ട്. ടാങ്ക് കെട്ടി ആ കുഴൽക്കിണറിൽ പമ്പ് സ്ഥാപിച്ച് വെള്ളം ലഭ്യമാക്കാമെന്ന് നേരത്തെ തീരുമാനിച്ചിരുന്നതാണ്. ആയതിനാൽ ശുദ്ധജലം ലഭ്യമാക്കാൻ വേണ്ട നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഈ കോളനിയിൽ കക്കൂസ് നിർമ്മിക്കുന്നതിനുവേണ്ടി 2,000 രൂപയാണ് ഇപ്പോൾ അനുവദിച്ച് നൽകുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ഈ തുക തീരെ അപര്യാപ്തമായതിനാൽ ആയത് വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(1) പട്ടികജാതി പട്ടികവർഗ്ഗവികസന വകുപ്പിന്റെ മറുപടി

കോളനിയിലെ 30 വീടുകൾക്ക് വൈദ്യുതി നല്കാൻ 11-11-1997-ൽ കൂടിയ ജില്ലാതല കമ്മിറ്റി അംഗീകാരം നൽകി. കോളനിയിൽ ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കുന്നതിന് ടെണ്ടർ വിളിച്ചിരുന്നു. എന്നാൽ തുക അധികമായതിനാൽ വീണ്ടും ടെണ്ടർ ചെയ്യാൻ തീരുമാനിച്ചു. 22-5-1998-ന് ചേർന്ന യോഗത്തിലും റീ-ടെണ്ടർ അംഗീകരിച്ചില്ല. കരാറുകാരനുമായി നെഗോഷിയേറ്റ് ചെയ്യാൻ തീരുമാനിക്കുകയാണുണ്ടായത് എന്നീ കാര്യങ്ങളാണ് ഇത് സംബന്ധമായി ജില്ലാ പട്ടികജാതി വികസന ഓഫീസർ അറിയിച്ചിരിക്കുന്നത്. കക്കൂസ് നിർമ്മാണ ഗ്രാന്റ് വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം ഗവൺമെന്റ് പരിഗണനയിലാണ്.

(2) ഊർജ്ജ വകുപ്പിന്റെ മറുപടി

കോളിയോട്ടുമല കോളനിയിൽ 25-11-1998-ന് വൈദ്യുതി ലൈനിന്റെ പണി പൂർത്തിയായിട്ടുണ്ട്. 29 വീടുകൾക്ക് കണക്ഷൻ കൊടുത്തുകഴിഞ്ഞു. ബാക്കിയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മൂന്ന് വീടുകൾക്ക് കണക്ഷൻ നൽകുവാനുള്ള നടപടികൾ എടുത്തുവരുന്നു.

(22-7-2003-ലെ സമിതി യോഗം അംഗീകരിച്ചു.)

സമിതി ആരാഞ്ഞ അധികവിവരം

ഈ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് സർക്കാരിനോടാരായുവാൻ തീരുമാനിച്ചു.

<u>ഊർജ്ജ വകുപ്പിന്റെ മറുപടി</u>

(28-9-2004-ലെ 10397/സി1/03/ഊ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

കോളിയോട്ടുമല കോളനിയിലെ 30 വീട്ടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനുവേണ്ടി 2 കിലോമീറ്റർ 1 ഫെയ്സ് ലൈൻ നിർമ്മിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച് 29 പേർക്ക് 25-11-1998-ന് കണക്ഷൻ കൊടുത്തു. മറ്റ് അപേക്ഷകളൊന്നും ഇവിടെ നിന്ന് ലഭിച്ചിട്ടില്ല.

(8-12-2004-ലെ സമിതി യോഗം അംഗീകരിച്ചു.)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

കോളിയോട്ടുമല കോളനിയിലെ 30 വീട്ടുകൾക്ക് വൈദ്യുതി നൽകാൻ 11-11-1997-ൽ കൂടിയ ജില്ലാതല കമ്മിറ്റി അംഗീകാരം നൽകി. കോളനിയിൽ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുന്നതിന് ടെണ്ടർ വിളിച്ചിരുന്നു എന്നും എന്നാൽ തുക അധികമായതിനാൽ വീണ്ടും ടെണ്ടർ ചെയ്യാൻ തീരുമാനിച്ചുവെന്നും 25-5-1998-നു ചേർന്ന യോഗത്തിലും റീ-ടെണ്ടർ അംഗീകരിച്ചില്ലെന്നും കരാറുകാരനുമായി നെഗോഷിയേറ്റ് ചെയ്യാൻ തീരുമാനിക്കുകയാണുണ്ടായതെന്നും കക്കൂസ് നിർമ്മാണഗ്രാന്റ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം ഗവൺമെന്റ് പരിഗണനയിലാണെന്നും അറിയിച്ചിരിക്കുന്നു. പ്രസ്തുത നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് ആരായാൻ സമിതി നിർദ്ദേശിച്ചു.

(1) <u>പട്ടികജാതി പട്ടികവർഗ്ഗവികസന (ബി) വകുപ്പിന്റെ മറുപടി</u>

(21-7-2015-ലെ 3465/ബി2/2008/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

കോളിയോട്ടുമല കോളനിയിൽ ഇപ്പോൾ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും കുടിവെള്ളം ലഭ്യമാകുന്നുണ്ട്. കുഴൽ കിണറിൽ നിന്ന് വെള്ളം ടാങ്കിൽ ശേഖരിച്ച് പൊതു ടാപ്പുകൾ വഴി വിതരണം ചെയ്യുന്നു.

ഇപ്പോൾ വകുപ്പിൽ നിന്നും 25,000 രൂപയാണ് കക്കൂസ് നിർമ്മിക്കുന്നതിന് ധനസഹായമായി അനുവദിക്കുന്നത്. തദ്ദേശ സ്ഥാപനത്തിൽ നിന്നും ആയതിന് 8,000 രൂപയാണ് നൽകുന്നത്. കക്കൂസ് സൗകര്യമില്ലാത്ത അഞ്ച് കുടുംബങ്ങൾക്ക് മാനദണ്ഡങ്ങൾ പാലിച്ച് 25,000 രൂപാ നിരക്കിൽ ധനസഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഗതാഗത യോഗ്യമായ ടാർ ചെയ്ത റോഡ് നിലവിൽ കോളിയോട്ടുമല കോളനിയിൽ ഉണ്ട്.

(12-8-2015-ലെ സമിതി യോഗം അംഗീകരിച്ചു)

(2) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ മറുപടി</u>

(11-8-2015-ലെ 18675/ഇ 1/15/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

കോഴിക്കോട് ജില്ലയിലെ കോളിയോട്ടുമല കോളനിയിലെ മുഴുവൻ കുടുംബങ്ങൾക്കും 2003-ൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിരുന്നു. നിലവിൽ എല്ലാ വീടുകളിലും വൈദ്യുതി ഉണ്ട്.

കുടിവെള്ള വിതരണ പദ്ധതി 2005 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പൂർത്തിയാക്കിയിരുന്നു. കിണറിൽ നിന്നും വെള്ളം പമ്പു ചെയ്ത് ഇടയ്ക്കുള്ള ഒരു ടാങ്കിൽ നിറച്ചതിനുശേഷം അവിടെ നിന്നും വീണ്ടും പമ്പു ചെയ്ത് മുകളിലത്തെ ടാങ്കിൽ എത്തിച്ച് കോളനിക്കാർക്ക് വിതരണം നടത്തുകയാണ് ചെയ്തുവരുന്നത്.

കക്കൂസ് നിർമ്മാണത്തിനുള്ള ഗ്രാന്റ് തുക ഗ്രാമവികസന വകുപ്പ് 2,000 രൂപയിൽ നിന്നും 8,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ ഭവന നിർമ്മാണ പദ്ധതിയോടൊപ്പം കക്കൂസ് നിർമ്മാണവും വീട് വയറിംഗും ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പ്രത്യേകമായ ഗ്രാന്റ് അനുവദിക്കുന്നില്ല. കക്കൂസ് നിർമ്മാണവും വീട് വയറിംഗും മാത്രമായി അനുവദിക്കേണ്ട സന്ദർഭങ്ങളിൽ ഗ്രാമപഞ്ചായത്തുകളുടെ ട്രൈബൽ സബ്പ്ലാൻ ഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കുകയാണ് ചെയ്തുവരുന്നത്.

(7-10-2015-ലെ സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 39</u>

കോളിയോട്ടുമല കോളനിയിലേക്കുള്ള റോഡിന്റെ പണി ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി താമസംവിനാ നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

1, 34,051 രൂപ മുടക്കി പൂർത്തിയാക്കി.

(22-7-2003-ലെ സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 40</u>

എസ്.സി.പി. പദ്ധതി അനുസരിച്ച് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ചെറിയ കുട്ടികൾക്ക് അംഗൻവാടികളിൽ പോഷകാഹാരം നൽകുന്ന പതിവ് ഉണ്ട്. കൂട്ടത്തിൽ കോഴിമുട്ടയും വേവിച്ച് കൊടുക്കാറുണ്ട്. എല്ലാ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും ഇത് കൊടുക്കുവാൻ എസ്.സി.പി. പദ്ധതി അനുസരിച്ച് കഴിയുകയില്ല. പട്ടികജാതി പട്ടികവർഗ്ഗ കുട്ടികൾക്ക് മാത്രം ഇത് അംഗൻവാടികളിൽ വച്ച് നൽകുന്നത് കുട്ടികളെ പലതട്ടുകളിലായി തരംതിരിക്കാൻ ഇടയാകുന്നു.

കുട്ടികളുടെ ഇടയിൽ വിഭാഗീയ ചിന്തയും വൈരാഗ്യവും വളരാതിരിക്കാൻ എസ്.സി., എസ്.ടി. കുട്ടികൾക്ക് വേവിച്ച മുട്ട കൊടുക്കുന്നതോടൊപ്പം മറ്റു കുട്ടികൾക്കും അത് നൽകുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(1) സാമൂഹ്യനീതി വകുപ്പിന്റെ മറുപടി

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് മാത്രം മറ്റ് കുട്ടികളുടെ സാന്നിദ്ധ്യത്തിൽ മുട്ട വിതരണം നടത്തുന്നത് ഒഴിവാക്കി പകരം അർഹതയുള്ള കുട്ടികൾക്ക് വീടുകളിൽ മുട്ട എത്തിച്ചുകൊടുക്കുന്നതിന് സംവിധാനം ചെയ്യുന്നതിന് കോഴിക്കോട് ജില്ലാ ഓഫീസർ മുഖേന ബന്ധപ്പെട്ട എല്ലാ പ്രോജക്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

ഇപ്പോൾ ഈ രീതിയിലുള്ള പദ്ധതികളില്ല.

(22-7-2003-ലെ സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 41, 42

ഈ സൊസൈറ്റിയിലെ കോളനി വകഭൂമി കോളനി നിവാസികൾക്ക് പതിച്ചു നൽകണമെന്ന ആവശ്യം ഗവൺമെന്റ് പരിശോധിച്ച് ഇക്കാര്യത്തിൽ അടിയന്തരമായി തീരുമാനം കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഭവനനിർമ്മാണത്തിനുള്ള തുക വർദ്ധിപ്പിക്കണമെന്നും 10 പേരെ തെരഞ്ഞെടുത്ത് വീട് നിർമ്മിച്ച് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

മലപ്പുറം ജില്ലയിലെ ചോക്കാട് കോളനിയിലെ ഭവനനിർമ്മാണത്തിനായി വർദ്ധിപ്പിച്ച നിരക്കായ 35,000 രൂപ അനുവദിച്ചു നൽകുകയും 10 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് വീടുപണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(22-7-2003-ലെ സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 43

വനവിഭവങ്ങൾ ശേഖരിക്കാനുള്ള പെർമിറ്റ് ആദിവാസികൾക്ക് മാത്രമേ നൽകാവൂ എന്നും ആയത് കൈമാറ്റം ചെയ്യാൻ പാടില്ല എന്ന നിബന്ധന ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>വനം വന്യജീവി വകുപ്പിന്റെ മറുപടി</u>

ഇപ്പോൾ ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നത് കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ മാനേജിംഗ് ഡയറക്ടറുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും അദ്ദേഹം ശിപാർശ ചെയ്തിട്ടുള്ളതുമായ പട്ടികവർഗ്ഗ സൊസൈറ്റികൾ വഴിയാണ്. നിലവിലുള്ള പട്ടികവർഗ്ഗക്കാരുടെ അവകാശം അവർ കൈമാറ്റം ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്തണമെന്ന് കേരളാ സ്റ്റേറ്റ് പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ മാനേജിംഗ് ഡയറക്ടർക്ക് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(22-7-2003-ലെ സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 44</u>

1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ആദിവാസിക്കുട്ടികളെ സ്കൂളിലേക്ക് കൊണ്ടുവരാൻ ട്രൈബൽ വോളന്റിയേഴ്സിനെ നിയോഗിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ചോക്കാട് കോളനി അടക്കം ആകെ 9 പേരെ പ്രതിമാസം 500 രൂപ നിരക്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ചിട്ടുണ്ട്. ട്രൈബൽ വോളന്റിയേഴ്സ് അവരിൽ അർപ്പിതമായ ജോലി ശരിയായി ചെയ്യുന്നുണ്ടോയെന്ന് പ്രോജക്ട് ഓഫീസർ പരിശോധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(11-8-2015-ലെ 18675/ഇ 1/15/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

എല്ലാ അദ്ധ്യയനവർഷവും പട്ടികവർഗ്ഗ കോളനികളിലെ കുട്ടികൾ സ്കൂളിൽ പോകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് എസ്.റ്റി. പ്രൊമോട്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒന്നുമുതൽ നാലുവരെയുള്ള ക്ലാസ്സുകളിലുള്ള കുട്ടികളെ മുടങ്ങാതെ സ്കൂളുകളിൽ എത്തിക്കുന്നതിന് രക്ഷിതാക്കൾക്ക് ഒരു അദ്ധ്യയന വർഷത്തേക്ക് 500 രൂപാ ഇൻസെന്റീവ് ഗ്രാന്റ് നൽകുന്നുണ്ട്. കൂടാതെ ദുർഘടപ്രദേശങ്ങളിലുള്ള കുട്ടികളെ സ്കൂളുകളിൽ എത്തിക്കുന്നതിനും തിരിച്ചു കൊണ്ടു പോകുന്നതിനും 2013-14 വർഷം മുതൽ ഗോത്രസാരഥി പദ്ധതി പ്രകാരം വാഹനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(12-8-2015-ലെ സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 45</u>

ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് സ്റ്റേജ് സർട്ടിഫിക്കറ്റ് ലഭിക്കാൻ വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുവെന്ന് സമിതിക്ക് പരാതി ലഭിക്കുകയുണ്ടായി. സ്റ്റേജ് സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർ മുൻകൈ എടുത്ത് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗവികസന വകുപ്പിന്റെ മറുപടി</u>

1996 മുതൽ സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകേണ്ടിയിരുന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ തസ്തിക ഒഴിഞ്ഞുകിടന്നതിനാലാണ് സ്റ്റേജ് സർട്ടിഫിക്കറ്റ് ലഭിക്കാൻ കാലതാമസം ഉണ്ടായത്. ഇപ്പോൾ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്.

(22-7-2003-ലെ സമിതി യോഗം പരിഗണിച്ചു.)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ തസ്തിക ഒഴിഞ്ഞുകിടന്നതുകൊണ്ടാണ് സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാൻ കഴിയാതിരുന്നത് എന്നാണ് സർക്കാർ അറിയിച്ചത്. എന്തുകൊണ്ടാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ നിയമിക്കാതിരുന്നത് എന്നുള്ള വിവരവും ഈ പ്രശ്നത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന വിവരവും ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു.

(1) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ മറുപടി</u>

(21-7-2015-ലെ 3465/ബി2/2008/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് സ്റ്റേജ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(2) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ മറുപടി</u>

(11-8-2015-ലെ 18675/ഇ 1/15/പജ.പവ.വിവ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സംയോജിത പട്ടികവർഗ്ഗ വികസന പ്രോജക്ട് ഓഫീസുകളിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നുമാണ് നിയമനം നടത്തിവരുന്നത്. പട്ടികവർഗ്ഗ മേഖലകളിൽ ജോലിചെയ്യാനുള്ള വൈമനസ്യംമൂലം ടി തസ്തികയിൽ നിയമിക്കപ്പെടുന്നവർ അവധി എടുക്കുകയോ, സ്ഥലംമാറ്റം വാങ്ങി പോവുകയോ ചെയ്യുന്നതിനാൽ മിക്കപ്പോഴും തസ്തിക ഒഴിഞ്ഞു കിടക്കും. നിലവിൽ ഭവനനിർമ്മാണ ഗ്രാന്റിന് സ്റ്റേജ് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിന് കാലതാമസമുണ്ടാകാതിരിക്കാൻ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട ആദ്യത്തെ 3 സ്റ്റേജ് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിലെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവസാന ഗഡു നൽകുന്നതിന് മാത്രം പൂർത്തീകരണ മൂല്യനിർണയ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ലഭ്യമാകുന്നു.

(7-10-2015-ലെ സമിതി യോഗം അംഗീകരിച്ചു.)

## ശിപാർശ നമ്പർ 46

ജില്ലയിലെ കോളനികളിൽ ആകെ എത്ര അംഗൻവാടികൾ അനുവദിച്ചുവെന്നും ഇവയുടെ പ്രവർത്തനത്തിനുവേണ്ടി വിവിധയിനങ്ങളിലായി എന്തു തുക ചെലവഴിച്ചു വെന്നുമുള്ളത് സംബന്ധിച്ച വിശദമായ കണക്കുകൾ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. എല്ലാ ഐ.എച്ച്.ഡി.പി. കോളനികളിലും ഒരു അംഗൻവാടിയെങ്കിലും സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സാമൂഹ്യനീതി വകുപ്പിന്റെ മറുപടി

മലപ്പുറം ജില്ലയിലെ 14 ബ്ലോക്കുകളിലും സംയോജിത ശിശുവികസന പദ്ധതി നടപ്പിലാക്കുകയും 14 പ്രോജക്ടുകളിലായി 2254 അംഗൻവാടികൾ അനുവദിക്കുകയും ഇവയുടെ പ്രവർത്തനത്തിനായി ഉദ്ദേശം 1,67,48,168 രൂപ 20-7-1998 വരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(22-7-2003-ലെ സമിതിയോഗം അംഗീകരിച്ചു.)

## ശിപാർശ നമ്പർ 47

ഐ.എച്ച്.ഡി.പി. കോളനികളിൽ ഓരോ വർഷവും വിവിധ സ്കീമുകളിലായി നിശ്ചിത തുക വകകൊള്ളിക്കാറുണ്ട്. എന്നാൽ 1992-ൽ തുക വകകൊള്ളിച്ച് നടപ്പാക്കേണ്ടതായ പദ്ധതികൾ 1996-97-ൽ പോലും നടപ്പാക്കിയിട്ടില്ല എന്നതാണ് വസ്തുത. കോളനികളുടെ വികസനത്തിനായി വകകൊള്ളിച്ച തുകയും യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും തമ്മിൽ വലിയ അന്തരമുണ്ട്. ആയതിനാൽ ഗുണഭോക്താക്കൾക്ക് യഥാവസരം പദ്ധതിയിൽ വിഭാവനം ചെയ്യുന്ന ഗുണം ലഭ്യമാകുന്നില്ല. ഒരു നിശ്ചിത കാലയളവിൽ ഒരു നിശ്ചിത പദ്ധതിക്കുവേണ്ടി വകയിരുത്തിയ തുക ആ കാലയളവിൽ തന്നെ പരമാവധി ചെലവഴിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## (1) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ മറുപടി

(11-8-2015-ലെ 18675/ഇ 1/15/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

പട്ടികവർഗ്ഗ മേഖലകളിൽ വിവിധ പദ്ധതികൾക്കായി വകയിരുത്തുന്ന തുക അതത് സാമ്പത്തിക വർഷം ചെലവഴിക്കണമെന്നാണ് വിവക്ഷിച്ചിട്ടുള്ളത്. എന്നാൽ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നപക്ഷം തൊട്ടടുത്ത സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(2) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ മറുപടി</u>

(21-7-2015-ലെ 3465/ബി2/2008/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

കോളനികളുടെ വികസനത്തിനായി അനുവദിച്ചിട്ടുള്ള തുക യഥാവസരം പരമാവധി ചെലവഴിക്കുന്നതിന് എല്ലാ സർക്കാർ വകുപ്പുകളും ബാധ്യസ്ഥരാണ്. ആയത് ബ്ലോക്ക്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/പട്ടികജാതി വികസന ഓഫീസർ വഴിയും ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ വഴിയും അവലോകനം ചെയ്തുവരുന്നുണ്ട്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 48</u>

സമിതി ചോക്കാട് ഹരിജൻ കോളനി നിവാസികൾക്കായി പണികഴിപ്പിച്ച ആശുപത്രിയും കോളനിയും സന്ദർശിക്കുകയുണ്ടായി. ആശുപത്രിയിൽ ഫർണിച്ചർ ഇല്ല എന്നുള്ളതും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല എന്നുള്ളതും സമിതിക്ക് മനസ്സിലായി. മെയിൻ റോഡിൽ നിന്നും ആശുപത്രിയിലേക്ക് 4 കിലോമീറ്ററും ടാർ റോഡിൽനിന്ന് ആശുപത്രിയിലേക്ക് ½ കിലോമീറ്ററും റോഡ് അറ്റകുറ്റപ്പണി നടത്തേണ്ടതുണ്ട്. പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് ഈ റോഡിന്റെ പണി എത്രയുംവേഗം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതുപോലെതന്നെ ആശുപത്രിയിൽ വൈദ്യുതിയും ഫർണിച്ചറും ലഭ്യമാക്കി എത്രയും പെട്ടെന്ന് പ്രവർത്തനക്ഷമമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(1) <u>ഊർജ്ജ വകുപ്പിന്റെ മറുപടി</u>

ചോക്കാട് കോളനി പ്രദേശത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് പ്രസ്തുത മെഡിക്കൽ ഓഫീസറുടെ പേരിൽ കൺസ്യൂമർ നമ്പർ 4422 ആയി നിലമ്പൂർ ഇലക്ട്രിക്കൽ മേജർ സെക്ഷൻ ഓഫീസിൽ നിന്നും 18-3-1997-ൽ വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

(22-7-2003-ലെ സമിതിയോഗം അംഗീകരിച്ചു.)

(2) <u>തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി</u>

(11-1-2008-ലെ 59222/ഡി.എ 3/07/തസ്വഭവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ചോക്കാട് ഗ്രാമപഞ്ചായത്ത് 24-10-2007-ലെ ഭരണ സമിതിയിൽ മേൽശിപാർശ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2007-08 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ പ്രസ്തുത റോഡിന് 3,00,000 രൂപ (മൂന്ന് ലക്ഷം രൂപ) മാത്രം പഞ്ചായത്ത് ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുണ്ട്.

(23-6-2010-ലെ സമിതിയോഗം പരിഗണിച്ചു.)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

മലപ്പുറം ജില്ലയിലെ ചോക്കാട് പട്ടികജാതി കോളനി നിവാസികൾക്കായി പണികഴിപ്പിച്ച ആശുപത്രിയിലേക്കുള്ള ടി റോഡിന്റെ പണി ആരംഭിച്ചിട്ടുണ്ടോയെന്നും ആയതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും റിപ്പോർട്ട് ചെയ്യുക.

<u>തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി</u>

(17-12-2011-ലെ 73380/ഡിഎ 3/10/തസ്വഭവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ചോക്കാട് ഗ്രാമപഞ്ചായത്തിലെ 2007-08 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയ ചോക്കാട് ഗിരിജൻ കോളനി റോഡ് റീ ടാറിംഗ് എന്ന പ്രോജക്ടിന് 3,00,000 (മൂന്ന് ലക്ഷം) രൂപ ഗ്രാമപഞ്ചായത്ത് നീക്കിവയ്ക്കുകയും ആയത് പ്രകാരം ശ്രീ. പൈനാട്ടിൽ അഷ്റഫ് എന്നവർ കൺവീനറായി ടി പ്രവൃത്തി ഏറ്റെടുത്ത് പ്രസ്തുത വർഷംതന്നെ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ റോഡ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് എന്ന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(7-10-2015-ലെ സമിതിയോഗം പരിഗണിച്ചു.)

<u>സമിതി വീണ്ടും ആരാഞ്ഞ അധികവിവരം</u>

മലപ്പുറം ജില്ലയിലെ ചോക്കാട് പട്ടികജാതി കോളനി നിവാസികൾക്കുവേണ്ടി പണികഴിപ്പിച്ച ആശുപത്രിയിലേക്ക് മെയിൻ റോഡിൽ നിന്നും 4 കിലോമീറ്ററും ടാർ റോഡിൽ നിന്നും ½ കിലോമീറ്ററും ദൂരമുള്ള റോഡിന്റെ പണി പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നടത്തണമെന്ന സമിതിയുടെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടും പ്രസ്തുത ആശുപത്രിയിൽ ഫർണിച്ചർ ലഭ്യമാക്കിയോ എന്ന വിവരവും ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ മറുപടി</u>

(11-8-2015-ലെ 18675/ഇ 1/15/പജ.പവ.വിവ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

മലപ്പുറം ജില്ലയിലെ ചോക്കാട് പട്ടികവർഗ്ഗ സങ്കേതത്തിലുള്ളവർക്ക് പ്രയോജനപ്പെടത്തക്കവിധത്തിൽ ചോക്കാട് പി.എച്ച്.സി. 2000-ൽ പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആശുപത്രിയിൽ എത്തുന്നതിന് വാഹനസഞ്ചാര യോഗ്യമായ റോഡ് നിർമ്മിച്ചിട്ടുണ്ട്. ആവശ്യത്തിന് ഫർണിച്ചർ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ടി ആശുപത്രി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

(7-10-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 49, 50

ജില്ലയിലെ കോളനി നിവാസികൾ അവരുടെ പരാതികൾ സമിതി മുമ്പാകെ ബോധിപ്പിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരിൽനിന്ന് സമിതി വിശദീകരണം തേടുകയും ചെയ്തു. തോട്ടക്കര ഐ.എച്ച്.ഡി.പി. കോളനിയിൽ 5 പശുക്കളെ ഒരേ കുടുംബത്തിലെ 5 അംഗങ്ങൾക്ക് നൽകിയെന്ന് കോളനി മെമ്പർ പരാതിപ്പെട്ടു. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് മെമ്പർ, മിൽക്ക് സൊസൈറ്റി പ്രസിഡന്റ് എന്നിവർ അടങ്ങുന്ന കമ്മിറ്റി മുഖേനയാണ്. ഇവർ തമ്മിലുള്ള തർക്കംമൂലമാണ് ഇങ്ങനെ സംഭവിച്ചതെന്നും കമ്മിറ്റിക്കാർക്ക് പ്രശ്നമില്ലായെന്ന് പറഞ്ഞ് ഒപ്പിട്ട് തന്നതിനുശേഷമാണ് പശുക്കളെ നൽകിയതെന്നും ഡെപ്യൂട്ടി ഡയറക്ടർ (ഡെയറി) സമിതിയിൽ വിശദീകരിച്ചു. ഗുണഭോക്താക്കളുടെ അപേക്ഷകൾ നറുക്കിട്ട് എടുക്കുന്ന സമ്പ്രദായം സ്വീകരിച്ചിരുന്നെങ്കിൽ ഇത്തരം പരാതികൾ ഉണ്ടാകുമായിരുന്നില്ലായെന്ന് സമിതിക്ക് അഭിപ്രായമുണ്ട്. ആയതിനാൽ ഭാവിയിൽ ഇത്തരം പരാതികൾ ഒഴിവാക്കാനുള്ള നടപടി ജില്ലാ കളക്ടർ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പശുവിനെ സൗജന്യമായി കോളനി നിവാസികൾക്ക് കൊടുക്കുന്ന പദ്ധതി അനുസരിച്ച് കിഴക്കഞ്ചേരി പഞ്ചായത്ത് കണ്ണച്ചി കോളനിയിൽ കറവപ്പശുക്കൾക്ക് പകരം മച്ചി പശുവിനെയും കറവ വറ്റിയ പശുവിനെയും 1995-96 കാലഘട്ടത്തിൽ കൊടുത്തുവെന്ന പരാതി സമിതിക്ക് ലഭിക്കുകയുണ്ടായി. ഇത്തരം ഒരു പരാതി കഴിഞ്ഞ ഒന്നരക്കൊല്ലമായി തന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്ന് ഡെപ്യൂട്ടി ഡയറക്ടർ മൃഗസംരക്ഷണ വകുപ്പ് സമിതിയെ അറിയിച്ചു. ഗുണഭോക്താക്കൾക്ക് പശുവിനെ വിതരണം ചെയ്യുമ്പോൾ കറവപ്പശു തന്നെയായിരിക്കണമെന്ന് മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കൃഷി വകുപ്പിന്റെ മറുപടി

കിഴക്കഞ്ചേരി പഞ്ചായത്ത് കണ്ണച്ചി കോളനിയിൽ 1995-96 കാലഘട്ടത്തിൽ കറവപ്പശുക്കൾക്ക് പകരം മച്ചി പശുവിനെയും കറവ വറ്റിയ പശുവിനെയുമാണ് വിതരണം ചെയ്തത് എന്നുള്ളത് അടിസ്ഥാനരഹിതമാണെന്ന് പാലക്കാട് ജില്ലാ മൃഗസംരക്ഷണ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. പശുക്കൾക്ക് ശരിയായ രീതിയിൽ തീറ്റ നൽകാതിരുന്നതും വേണ്ടവിധത്തിലുള്ള പരിചരണവും ലഭിക്കാതിരുന്നതുകൊണ്ടാണ് കുറഞ്ഞ പാൽ ലഭിക്കാനിടയായത്. മേലിൽ ഇത്തരം പദ്ധതികൾ പട്ടികജാതി/ പട്ടികവർഗ്ഗ കുടുംബങ്ങൾക്കുവേണ്ടി നടപ്പിലാക്കുമ്പോൾ, പശുക്കളെ തെരഞ്ഞെടുക്കുന്നതിനും വാങ്ങുന്നതിനുമുള്ള പരിപൂർണ്ണ അധികാരം ഗുണഭോക്താക്കൾക്ക് നൽകണമെന്നും ബന്ധപ്പെട്ട പദ്ധതികളിൽ ആവശ്യമായ പരിശീലനം നൽകിയിട്ടേ ഗുണഭോക്താക്കൾക്ക് ജീവനോപാധി വിതരണം നടത്താവൂ എന്നും കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(22-7-2003-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 52

ചെറിയ മുതലാംകോട് കോളനിയിൽ അംഗൻവാടി പണിയുന്നതിനുവേണ്ടി 30,000 രൂപ അനുവദിച്ചെങ്കിലും മെറ്റീരിയൽസിന്റെ അഭാവംമൂലം പണി ഇതേവരെ ആരംഭിച്ചിട്ടില്ലായെന്ന് ചിറ്റൂർ ബി.ഡി.ഒ. സമിതിയെ അറിയിച്ചു. ഈ മാസംതന്നെ മെറ്റീരിയൽസ് മുഴുവനും ലഭ്യമാകുന്നുവെന്നും പണി ഉടൻതന്നെ പൂർത്തിയാക്കാൻ നടപടി എടുക്കുമെന്നും അദ്ദേഹം സമിതിയെ അറിയിച്ചു. ഈ അംഗൻവാടിയുടെ പണി ഈ സാമ്പത്തികവർഷംതന്നെ പൂർത്തീകരിച്ച് ആയത് പ്രവർത്തനക്ഷമമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സാമൂഹ്യനീതി വകുപ്പിന്റെ മറുപടി

പാലക്കാട് ജില്ലയിലെ ചെറിയ മുതലാംകോട് കോളനിയിൽ അംഗൻവാടി കെട്ടിട നിർമ്മാണം പൂർത്തിയാക്കി വരുന്നതേയുള്ളൂ. ഈ കെട്ടിടനിർമ്മാണത്തിനായി 1995-96 സാമ്പത്തിക വർഷത്തിൽ എസ്.സി.പി. ഫണ്ടിൽ 35,000 രൂപ അനുവദിച്ചിരുന്നു. എന്നാൽ ജനകീയാസൂത്രണ പദ്ധതിയിൽ 1,05,000 രൂപ കെട്ടിടത്തിനായി അനുവദിക്കുകയും കെട്ടിടം പൂർത്തിയാക്കിവരുകയുമാണ്. ട്രഷറി നിയന്ത്രണം അവസാനിച്ചാൽ ഉടൻതന്നെ കെട്ടിടം പണി പുനരാരംഭിക്കുന്നതാണ്. എസ്.സി.പി. ഫണ്ടിൽ ഇതിനായി അനുവദിച്ച 35,000 രൂപ തിരികെ അടയ്ക്കുന്നതിനുള്ള നടപടി ശിശുവികസന പദ്ധതി ഓഫീസർ സ്വീകരിച്ചു വരുന്നു.

(22-7-2003-ലെ സമിതിയോഗം പരിഗണിച്ചു.)

സമിതി ആരാഞ്ഞ അധികവിവരം

പാലക്കാട് ജില്ലയിലെ ചെറിയ മുതലാംകോട് അംഗൻവാടി കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചോ എന്നും അംഗൻവാടി കെട്ടിട നിർമ്മാണത്തിനായി എസ്.സി.പി. ഫണ്ടിൽ നിന്നും അനുവദിച്ച 30,000 രൂപ തിരിച്ചടച്ചോ എന്നുമുള്ള വിവരം.

സാമൂഹ്യനീതി വകുപ്പിന്റെ മറുപടി

(20-9-2004-ലെ 11920/ബി1/03/സാക്ഷേവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

പാലക്കാട് ജില്ലയിലെ ചിറ്റൂർ ഐ.സി.ഡി.എസിലെ 85-ാം നമ്പർ മുതലാംകോട് അംഗൻവാടിക്ക് 1995-96-ൽ എസ്.സി.പി. ഫണ്ടിൽ 35,000 രൂപ കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചിരുന്നു. എന്നാൽ ടി അംഗൻവാടിയിൽ കുട്ടികൾ കുറവായതിനാൽ കോളനിക്കു പുറത്ത് ഒരു വ്യക്തി സംഭാവന ചെയ്ത 3 സെന്റ് സ്ഥലത്ത് ഗ്രാമപഞ്ചായത്തിന്റെ വക 90,000 രൂപ മുടക്കി ടി അംഗൻവാടിക്ക് വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുകയും അതിൽ അംഗൻവാടി അന്നുമുതൽ പ്രവർത്തിച്ചുവരുകയും ചെയ്യുന്നു.

പ്രസ്തുത അംഗൻവാടിക്കുവേണ്ടി എസ്.സി.പി. ഫണ്ടിൽ നിന്ന് അനുവദിച്ച 35,000 രൂപ പാലക്കാട് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസറുടെയും ചിറ്റൂർ ശിശുവികസന പദ്ധതി ഓഫീസറിന്റെയും പേരിൽ ജോയിന്റ് അക്കൗണ്ടായി എസ്.ബി.റ്റി.യിൽ നിക്ഷേപിച്ചിരിക്കുന്നു. ടി തുക എത്രയുംവേഗം സർക്കാരിലേക്ക് തിരികെ അടയ്ക്കുവാൻ ചിറ്റൂർ ശിശുവികസന പദ്ധതി ഓഫീസറോട് നിർദ്ദേശിച്ചിട്ടുമുണ്ട്.

(8-12-2004-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 53

മത്തിൽപടി കോളനിയിൽ വൈദ്യുതിസംബന്ധമായ പണികൾ പൂർത്തിയായെങ്കിലും കണക്ഷനുവേണ്ടി ആരും അപേക്ഷിച്ചിട്ടില്ലായെന്ന് വിദ്യുച്ഛക്തി ബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. പട്ടികജാതി പട്ടികവർഗ്ഗ വികസന ഓഫീസർ കോളനി നിവാസികളെക്കൊണ്ട് സർവ്വീസ് കണക്ഷനുള്ള അപേക്ഷ കൊടുപ്പിച്ച് അവർക്ക് വൈദ്യുതി ലഭ്യമാക്കാനുള്ള അടിയന്തര നടപടി കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഊർജ്ജ വകുപ്പിന്റെ മറുപടി

മത്തിൽപടി കോളനിയിൽ വൈദ്യുതി കണക്ഷന് അപേക്ഷ നൽകിയ എല്ലാ ഗുണഭോക്താക്കൾക്കും കണക്ഷൻ നൽകിക്കഴിഞ്ഞു.

(22-7-2003-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 54

പനംപറ്റ കോളനിയിൽ 70 പേർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻവേണ്ടി വയറിംഗ് ജോലികൾ പൂർത്തീകരിച്ചുവെന്നും 60 പേർക്കുകൂടി കണക്ഷൻ ലഭ്യമാക്കാനുണ്ടെന്നും എല്ലാവർക്കുംകൂടി ഒരു ട്രാൻസ്ഫോർമർവച്ച് കണക്ഷൻ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും പട്ടികജാതി ഓഫീസർ സമിതിയിൽ വിശദീകരിച്ചു. എല്ലാവർക്കും കണക്ഷൻ കൊടുക്കാൻവേണ്ടി കാത്തിരുന്ന കാലതാമസം വരുത്താതെ ആദ്യത്തെ 70 പേർക്ക് ഉടനടി വൈദ്യുതി ലഭ്യമാക്കണമെന്നും മറ്റുള്ളവർക്ക് വൈദ്യുതി എത്തിക്കാനുള്ള നടപടികൾ താമസംവിനാ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ഊർജ്ജ വകുപ്പിന്റെ മറുപടി

പനംപറ്റ കോളനിയിൽ പരാമർശിക്കപ്പെട്ടിട്ടുള്ള എല്ലാ കണക്ഷനുകളും നൽകിക്കഴിഞ്ഞു.

(22-7-2003-ലെ സമിതിയോഗം അംഗീകരിച്ചു.)

## ശിപാർശ നമ്പർ 55

പ്രീ ഡിഗ്രി വിദ്യാർത്ഥികൾക്ക് കോളനികളിൽ ട്യൂഷൻ കൊടുക്കാനുള്ള സംവിധാനം ഉണ്ടെങ്കിലും പലയിടത്തും ഇത് നടക്കുന്നില്ലായെന്നാണ് സമിതിക്ക് ലഭിച്ച വിവരം. ഇത് ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ ശ്രദ്ധിച്ച് വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(21-7-2015-ലെ 3465/ബി2/2008/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

പട്ടികജാതി കോളനികളിലെ +2 വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്ന വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് പട്ടികജാതി വികസന ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## ശിപാർശ നമ്പർ 56

കോളേജ് പ്രവേശനത്തിനുവേണ്ടി മാനേജ്മെന്റ് കോളേജുകളിൽ എസ്.സി.എസ്.റ്റി. വിഭാഗത്തിലുള്ള കുട്ടികൾക്ക് അപേക്ഷാഫോറം കൊടുക്കാറുണ്ട്. ഓപ്പൺ ക്വാട്ടയിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർ ഉൾപ്പെടെ എല്ലാവർക്കും മൽസരിക്കാം. എന്നാൽ ഓപ്പൺ ക്വാട്ടയിൽ കിട്ടേണ്ട പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടിക്ക് സംവരണം അനുസരിച്ച് കൊടുത്തിട്ട് സംവരണം അനുസരിച്ച് പാവപ്പെട്ടവർക്ക് കിട്ടേണ്ട അവസരം നഷ്ടപ്പെടുത്തിയ ധാരാളം അനുഭവങ്ങൾ ഉണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വികസന ഓഫീസർമാർ ഇക്കാര്യത്തിൽ ജാഗരൂകരായിരിക്കണമെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### (1) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ മറുപടി

(21-7-2015-ലെ 3465/ബി2/2008/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

മാനേജ്മെന്റ് കോളേജുകളിൽ എസ്.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംവരണം ഉറപ്പാക്കുന്നതിനുള്ള കർശന നിർദ്ദേശം അക്കാഡമിക് വർഷത്തിന്റെ തുടക്കത്തിൽത്തന്നെ നൽകിവരുന്നുണ്ട്. ഇപ്പോൾ സർവ്വകലാശാല നേരിട്ട് ഓൺലൈൻ (ഏകജാലകം) വഴിയാണ് പ്രവേശനം നൽകിവരുന്നത്. അതിനാൽ റിസർവേഷൻ കർശനമായി പാലിക്കുന്നുണ്ട്.

(2) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പിന്റെ മറുപടി</u>

(11-8-2015-ലെ 15692/ഡി1/15/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

മാനേജ്മെന്റ് കോളേജുകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓപ്പൺ ക്വാട്ടയിൽ ലഭ്യമാക്കേണ്ട അഡ്മിഷൻ സംവരണ സീറ്റുകളിലേക്ക് മാറ്റിനൽകി പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംവരണം അനുസരിച്ച് കിട്ടേണ്ട അവസരം നഷ്ടപ്പെടുത്തുന്നതിനെതിരെ പട്ടികജാതി പട്ടികവർഗ്ഗ വികസന ഓഫീസർമാർ ജാഗരൂകരായിരിക്കണമെന്ന് സമിതിയുടെ ശിപാർശ പരിഗണിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖാന്തിരം മാനേജ്മെന്റ് കോളേജുകൾക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 57</u>

ഹെൽത്ത് എഡ്യൂക്കേഷൻ ക്യാമ്പുകളും മെഡിക്കൽ ക്യാമ്പുകളും പ്ലാൻ ചെയ്തുകൊണ്ടിരിക്കുകയാണെന്നും ക്യാമ്പിലേക്കുള്ള കുറെ മരുന്നുകൾ വാങ്ങണമെന്നും ഓരോ പഞ്ചായത്തിലും 10 ക്യാമ്പുകൾ നടത്താനാണ് പരിപാടിയിട്ടിരിക്കുന്നതെന്നും ഡെപ്യൂട്ടി ഡി.എം.ഒ. സമിതിയെ അറിയിച്ചു. ഈ സാമ്പത്തിക വർഷത്തിന്റെ അവസാനം ഇങ്ങനെ ക്യാമ്പ് നടത്തുന്നതുകൊണ്ട് ഉദ്ദേശിച്ചത്ര പ്രയോജനം ലഭിക്കുമെന്ന് സമിതി കരുതുന്നില്ല. കഴിഞ്ഞ മാസങ്ങളിലൊന്നും യാതൊരു നടപടിയും എടുക്കാതിരുന്നശേഷം ഇപ്പോൾ മരുന്നും ഭക്ഷണവും കൊടുത്ത് അമ്മമാർക്കുവേണ്ടി ആരോഗ്യ വകുപ്പ് ഒരു മാസം കൊണ്ട് നടത്തുന്ന ക്യാമ്പുകൊണ്ട് എന്ത് പ്രയോജനമാണ് ലഭിക്കുന്നതെന്ന് സമിതിക്ക് മനസ്സിലാകുന്നില്ല. ഇത് വളരെ കുറ്റകരമായി സമിതി കണക്കാക്കുകയും ഇതിന് ഉത്തരവാദികൾ ആയവർക്ക് എതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുകയും ചെയ്യുന്നു.

(1) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പിന്റെ മറുപടി</u>

(11-8-2015-ലെ 15692/ഡി1/15/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ആരോഗ്യ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ സാമ്പത്തിക വർഷാവസാനം ഒരു മാസംകൊണ്ട് 10 മെഡിക്കൽ ക്യാമ്പുകൾ നടത്തേണ്ടി വരുന്നതുകൊണ്ട് പ്രയോജനമുണ്ടാകില്ലെന്നും മെഡിക്കൽ ക്യാമ്പുകൾ സാമ്പത്തിക വർഷം ആദ്യംമുതൽതന്നെ ആവിഷ്കരിച്ച് നടപ്പിലാക്കാതിരുന്നതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കണമെന്നുമുള്ള സമിതിയുടെ ശിപാർശയിന്മേൽ 17 വർഷങ്ങൾക്കുശേഷം തുടർ നടപടി സ്വീകരിക്കുന്നത് പ്രായോഗികമായി ബുദ്ധിമുട്ടായിരിക്കുമെന്ന വസ്തുത സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത്തരം കാര്യങ്ങളിൽ ഇപ്പോൾ അതീവശ്രദ്ധ ചെലുത്തുന്നുണ്ട് എന്ന കാര്യംകൂടി സമിതിയെ അറിയിക്കുന്നു.

(2) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ മറുപടി

(21-7-2015-ലെ 3465/ബി2/2008/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ഈ ശിപാർശയിന്മേൽ തുടർ നടപടി സ്വീകരിക്കേണ്ടത് ആരോഗ്യ വകുപ്പാണ്. എന്നിരുന്നാലും സാമൂഹ്യ ഐക്യദാർഢ്യപക്ഷാചരണത്തോടനുബന്ധിച്ച് എല്ലാ വർഷവും തെരഞ്ഞെടുത്ത പട്ടികജാതി കോളനികളിൽ ആരോഗ്യ വകുപ്പ്, മെഡികെയേഴ്സ് എന്നിവരുടെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പുകൾ നടത്താറുണ്ട്. അതിനുപുറമേ വിദൂരമായ കോളനികളിൽ മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനവും ലഭ്യമാക്കിവരുന്നുണ്ട്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 58, 59

ഐ.എച്ച്.ഡി.പി. കോളനികളായി തെരഞ്ഞെടുത്ത കോളനിക്കാർക്ക് പഞ്ചായത്ത് നിർമ്മിച്ചുകൊടുക്കേണ്ട വീടുകൾ പല പഞ്ചായത്തുകളിലും നിർമ്മിച്ചുകൊടുക്കുന്നില്ല എന്നാണ് സമിതിക്ക് ലഭിച്ച വിവരം. ഇത് ഗുരുതരമായ വീഴ്ചയാണെന്ന് സമിതി കരുതുന്നു. ഇക്കാര്യത്തിൽ പഞ്ചായത്ത് ജാഗ്രത കാണിക്കണമെന്നും പഞ്ചായത്ത് നിർമ്മിച്ചുകൊടുക്കേണ്ട വീടുകൾ ഉടൻതന്നെ നിർമ്മിച്ചുകൊടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പ്രധാന പ്രശ്നം അവർക്ക് വീട് ലഭിക്കുകയെന്നതാണ്. എന്നാൽ തങ്ങളുടെ ഭൂമിക്ക് കൈവശരേഖയോ പട്ടയമോ മറ്റ് ഏതെങ്കിലും തരത്തിലുള്ള റിക്കാർഡുകളോ നൽകാത്തതുകൊണ്ട് അവർക്ക് ഭവനനിർമ്മാണ സഹായം ലഭ്യമാക്കാൻ പറ്റാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. നോമ്പിക്കോട്, വെള്ളാറ, കോഴിക്കുന്നംപാറ, തച്ചൻകാട് തുടങ്ങിയ കോളനികളിൽ ഭൂമിക്ക് കൈവശരേഖയില്ലാത്തതിനാൽ വീട് പണിയാൻ കഴിയുന്നില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇവർക്ക് കൈവശരേഖയോ ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന മറ്റ് ഏതെങ്കിലും തരത്തിലുള്ള രേഖയോ നൽകുന്ന കാര്യം റവന്യൂ വകുപ്പ് പ്രത്യേകമായി പരിശോധിച്ച് അടിയന്തരമായി നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

ഐ.എച്ച്.ഡി.പി. കോളനികളായി തെരഞ്ഞെടുത്ത പട്ടികവർഗ്ഗ കോളനികളിൽ പഞ്ചായത്ത് നിർമ്മിച്ചുകൊടുക്കേണ്ട വീടുകൾ നിർമ്മിച്ചുനൽകിയെന്ന് ഉറപ്പുവരുത്താൻ പാലക്കാട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്കും അട്ടപ്പാടി ഐ.ടി.ഡി. പ്രോജക്ട് ഓഫീസർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടികജാതി കോളനികളിൽ വീടുകൾ സ്പിൽഓവർ തുകയിൽ ഉൾപ്പെടുത്തി വകുപ്പുതന്നെ നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. നോംപിക്കോട് കോളനിയിൽ എല്ലാവർക്കും കൈവശരേഖ ഉള്ളതായി അറിയുന്നതായി ജില്ലാ പട്ടികജാതി

വികസന ഓഫീസർ അറിയിച്ചിട്ടുണ്ട്. 10 വീടുകൾക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവിടെ ഇനി ഒരാൾക്ക് മാത്രമേ വീട് ലഭിക്കാനുള്ളൂ. ഇത് ഐ.എച്ച്.ഡി.പി. സ്പിൽഓവർ തുകയിൽ നിന്നും നൽകുന്നതാണ്. വെള്ളാറ പട്ടികജാതി കോളനിയിൽ കൈവശരേഖയില്ലാത്തതിനാൽ വീട് ലഭ്യമാക്കിയിരുന്നില്ല. ഇപ്പോൾ ലൊക്കേഷൻ കാണിച്ച് രജിസ്ട്രേഷൻ നടത്തി എല്ലാവർക്കും വീട് കിട്ടിയിട്ടുണ്ട്. കോഴിക്കുന്നംപാറ കോളനിയിൽ 7 പേർക്ക് പട്ടയം ലഭിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് അപേക്ഷ നൽകുന്നതിന് ഏൽപ്പിച്ചിട്ടുണ്ടെന്നും ജില്ലാ പട്ടികജാതി ഓഫീസർ അറിയിക്കുന്നു.

ചാത്തൻതറ കോളനിയിൽ സ്വന്തമായി വീടുവയ്ക്കാൻ സ്ഥലമില്ലാത്ത 14 പേരെയും അവരുടെ രക്ഷാകർത്താക്കളെയും പങ്കെടുപ്പിച്ച് യോഗംകൂടി 4 പേർക്ക് വീട് വയ്ക്കുന്നതിനാവശ്യമായ സ്ഥലം ,നൽകുമെന്ന് രക്ഷാകർത്താക്കൾ സമ്മതിച്ചിട്ടുണ്ട്. ബാക്കിയുള്ളവരെ വീണ്ടും നേരിൽക്കണ്ട് സ്ഥലം മക്കൾക്ക് കൊടുക്കുന്നതിന് പ്രേരിപ്പിക്കുന്നതാണ്.

(22-7-2003-ലെ സമിതിയോഗം അംഗീകരിച്ചു.)

## സമിതി ആരാഞ്ഞ അധികവിവരം

## ശിപാർശ നമ്പർ 58

ശിപാർശ 58-ലെ നടപടി സംബന്ധിച്ച ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുക. അതോടൊപ്പം ഐ.എച്ച്.ഡി.പി. കോളനികളായി തെരഞ്ഞെടുത്ത കോളനിക്കാർക്ക് പഞ്ചായത്ത് നിർമ്മിച്ചുകൊടുക്കേണ്ട വീടുകൾ പല പഞ്ചായത്തുകളിലും നിർമ്മിച്ചു കൊടുക്കുന്നില്ല എന്നാണ് സമിതിക്ക് ലഭിച്ച വിവരം. ഇത് ഗുരുതരമായ വീഴ്ചയാണെന്ന് സമിതി കരുതുന്നു. ഇക്കാര്യത്തിൽ പഞ്ചായത്ത് ജാഗ്രത കാണിക്കണമെന്നും പഞ്ചായത്ത് നിർമ്മിച്ചുകൊടുക്കേണ്ട വീടുകൾ ഉടൻതന്നെ നിർമ്മിച്ചുകൊടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(21-7-2015-ലെ 3465/ബി2/2008/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

പട്ടികജാതി വികസന വകുപ്പുവഴിയും ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ചും (ജനകീയ ആസൂത്രണ പദ്ധതി) ഭവനനിർമ്മാണ പദ്ധതി നടപ്പാക്കി വരുന്നുണ്ട്. വകുപ്പ് നൽകുന്ന ധനസഹായം 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2007-2008 മുതലുള്ള സ്പിൽഓവർ വീടുകൾക്കും വർദ്ധിപ്പിച്ച നിരക്കിൽ തുക നൽകുന്നുണ്ട്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## സമിതി ആരാഞ്ഞ അധികവിവരം

## ശിപാർശ നമ്പർ 59

പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പ്രധാന പ്രശ്നം അവർക്ക് വീട് ലഭിക്കുക യെന്നതാണ്. എന്നാൽ തങ്ങളുടെ ഭൂമിക്ക് കൈവശരേഖയോ പട്ടയമോ മറ്റ് ഏതെങ്കിലും തരത്തിലുള്ള റിക്കാർഡുകളോ നൽകാത്തതുകൊണ്ട് അവർക്ക് ഭവനനിർമ്മാണ സഹായം ലഭ്യമാക്കാൻ പറ്റാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. നോമ്പിക്കോട്, വെള്ളാറ, കോഴിക്കുന്നംപാറ, തച്ചൻകോട് തുടങ്ങിയ കോളനികളിൽ ഭൂമിക്ക് കൈവശരേഖ യില്ലാത്തതിനാൽ വീട് പണിയാൻ കഴിയുന്നില്ലായെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ ഇവർക്ക് കൈവശരേഖയോ ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന മറ്റ് ഏതെങ്കിലും തരത്തിലുള്ള രേഖയോ നൽകുന്ന കാര്യം റവന്യൂ വകുപ്പ് പ്രത്യേകമായി പരിശോധിച്ച് അടിയന്തരമായി നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(21-7-2015-ലെ 3465/ബി2/2008/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ശിപാർശയിന്മേൽ റവന്യൂ വകുപ്പാണ് തുടർ നടപടികൾ സ്വീകരിക്കേണ്ടത്. ശിപാർശയുടെ പകർപ്പ് അടിയന്തര നടപടികൾക്കായി റവന്യൂ വകുപ്പിന് നൽകുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## ശിപാർശ നമ്പർ 60

സമിതി കുഴൽമന്ദം കണ്ണാടി പഞ്ചായത്തിലെ ചാത്തൻതറ കോളനി സന്ദർശിച്ചു. കോളനിയിൽ 84 വീടുകൾ ഉണ്ട്. 15-ഓളം വീടുകൾ ഓലമേഞ്ഞതാണ്. മൊത്തം 43 വീടുകൾ ഓട് ഇടേണ്ടതുണ്ട്. 22 വീടുകൾക്ക് ഉള്ള അപേക്ഷ കൊടുത്തിട്ട് 4 വീടുകൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വികസന ഓഫീസർ ഈ കോളനിയെപ്പറ്റി പഠിച്ചിട്ട് ഇവിടത്തെ കുടുംബങ്ങൾക്കുവേണ്ടി എന്തെല്ലാം വികസന പ്രവർത്തനങ്ങൾ ഇനിയും നടപ്പാക്കാനുണ്ടെന്ന് കണ്ടെത്തി ആയതിനുള്ള ഫണ്ട് സ്വരൂപിച്ച് എത്രയുംവേഗം നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(21-7-2015-ലെ 3465/ബി2/2008/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

കണ്ണാടി ചാത്തൻതറ കോളനിയിൽ അർഹതയുള്ള എല്ലാവർക്കും ഭവനനിർമ്മാണ ധനസഹായവും മറ്റ് ആനുകൂല്യങ്ങളും വിതരണം നടത്തിയിട്ടുണ്ട്. കണ്ണാടി ചാത്തൻതറ

കോളനി 2013-2014 വർഷം സ്വയംപര്യാപ്ത ഗ്രാമമായി തെരഞ്ഞെടുത്തിട്ടുണ്ട്. ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കോളനിയുടെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 61

ഇരപ്പക്കാട് കോളനിയും സമിതി സന്ദർശിക്കുകയുണ്ടായി. കോളനിയിൽ 15 വീടുകൾ ഉണ്ട്. എല്ലാ വീടുകളും ഓടിട്ട വീടുകളാണ്. വയറിംഗ് നടത്തിയ 3 വീടുകൾക്ക് ഇതേവരെയും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. വയറിംഗ് നടത്താത്ത രണ്ട് വീടുകൾ ഉണ്ട്. കോളനിയിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ട് നാല് മാസമായി. രണ്ട് ടാപ്പുകളിൽ നിന്ന് ഇപ്പോഴും വെള്ളം ലഭിക്കുന്നില്ല. ഈ കോളനിയിലെ വികസന പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഊർജ്ജ വകുപ്പിന്റെ മറുപടി

ഇരുപ്പക്കാട്/മേലാമുറി കോളനിയിൽ അപേക്ഷ സമർപ്പിച്ചിരുന്ന മൂന്ന് കണക്ഷനുകളും നൽകിയിട്ടുണ്ട്.

(22-7-2003-ലെ സമിതിയോഗം അംഗീകരിച്ചു.)

അദ്ധ്യായം III

## സമിതിയുടെ ശിപാർശകളിന്മേൽ ഇനിയും മറുപടി ലഭ്യമാക്കാനുള്ളവയെ സംബന്ധിച്ച വിശദാംശം

### റവന്യൂ വകുപ്പ്

ശിപാർശ നമ്പർ 51

1995-96-ൽ ഐ.എച്ച്.ഡി.പി. കോളനിക്കുവേണ്ടി ടി.വി. സെറ്റ് വാങ്ങാൻ വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി സമിതി കണ്ടെത്തി. വടക്കാഞ്ചേരി പഞ്ചായത്തിൽ ടി.വി. കിയോസ്ക് നിർമ്മാണം നടത്തുന്നുവെന്നും കിഴക്കഞ്ചേരി പഞ്ചായത്തിൽ കിയോസ്ക് നിർമ്മാണം നടക്കുന്നില്ലായെന്നും നല്ലേപള്ളി പഞ്ചായത്തിൽ കിയോസ്ക് നിർമ്മിക്കാൻ സ്ഥലം ലഭിക്കുന്നില്ലായെന്നും ഡെപ്യൂട്ടി പഞ്ചായത്ത് ഡയറക്ടർ സമിതിയിൽ വിശദീകരിച്ചു. ഐ.എച്ച്.ഡി.പി. കോളനിയിൽ ഏത് സ്ഥലത്ത് ടി.വി. വയ്ക്കണമെന്ന തർക്കം, സ്ഥലമില്ലായ്മ, പണമില്ലായ്മ ഇവയെല്ലാം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുവെന്ന് ജില്ലാ കളക്ടർ സമിതിയെ അറിയിച്ചു. കോളനി നിവാസികളുടെ മാനസികോല്ലാസത്തിനുള്ള ഉപാധി എന്ന നിലയിൽ ടി.വി. സ്ഥാപിക്കുന്ന കാര്യം ഇത്തരം

തർക്കങ്ങൾക്ക് വിധേയമായത് ദൗർഭാഗ്യകരമാണ്. ഇതിനുവേണ്ടി വകയിരുത്തിയ തുക 1995-96-ൽ ചെലവഴിച്ചെങ്കിലും ഇതേവരെയും ടി.വി.വയ്ക്കാനുള്ള സ്ഥലം കണ്ടെത്താത്തത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥമൂലമാണ്. ആയതിനാൽ കോളനികൾക്ക് അനുവദിച്ച ടി.വി. എത്രയും പെട്ടെന്നുതന്നെ കോളനികളിൽ സ്ഥാപിക്കാൻവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സമിതി തീരുമാനം

റിപ്പോർട്ടിലെ 51-ാം നമ്പർ ശിപാർശയിന്മേൽ നടപടി സ്റ്റേറ്റ്മെന്റ് ആവശ്യപ്പെട്ട് റവന്യൂ വകുപ്പിന് നിരവധി കത്തുകൾ അയച്ചിട്ടും യാതൊരു മറുപടിയും ലഭ്യമാക്കാത്തതിൽ സമിതിക്കുള്ള അതൃപ്തി രേഖപ്പെടുത്തുന്നു. സമിതി (1996-1998)യുടെ അഞ്ചാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചിട്ട് 18 വർഷം കഴിഞ്ഞ സാഹചര്യത്തിലും ശിപാർശ വിഷയത്തിന്റെ കാലികപ്രസക്തി നഷ്ടപ്പെട്ട സാഹചര്യത്തിലും അതിന്മേൽ തുടർ നടപടി സ്വീകരിക്കേണ്ടതില്ലെന്ന് സമിതി തീരുമാനിക്കുന്നു.

വി. പി. സജീന്ദ്രൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 14.